# രണരേഖ

# യുക്തിവാദമാസിക

ഈ ലോകത്തെ പുതുതായി
സംവിധാനം ചെയ്യുന്നതിനല്ല
ശ്രമത്തിൽ എന്തുത്യാഗവും
സഹിക്കാൻ തയ്യാറുള്ളവർ മാത്രം
യുക്തിവാദ നിരീശ്വരവാദ
പ്രസ്ഥാനങ്ങളിൽ വന്നാൽ
മതിയെന്നാണ് എന്റെ പക്ഷം.

—ഗോറ



## ഈ ലക്കത്തിൽ


അന്ധവിശ്വാസം—ഇംഗർസോൾ ○ ഇസ്ലാമിലെ ക്രൂരമായ ശിക്ഷാസമ്പ്രദായങ്ങൾ—ഇടമറുക് ○ യുക്തിവാദം, സ്ത്രീകൾ, കുടുംബം—എം. വി. രാമമൂർത്തി ○ കാലൊടിഞ്ഞ കസേര—സുഗതരാജ് ○ എന്റെ ജീവിതാനുഭവങ്ങൾ—സോളി ഇടമറുക് ○ സംഘടനാ വാർത്തകൾ ○ അനുകരണീയമായ മാതൃക ○ തൂലികാ മിത്രങ്ങൾ ○ തുടങ്ങിയ പംക്തികളും ○ വിദ്യാഭ്യാസത്തെ തൊഴിലുമായി ബന്ധിപ്പിക്കലാണ് വിപ്ളവം—പി. ടി. ഭാസ്കരപ്പണിക്കർ ○ നിർദ്ദേശങ്ങൾ! അഭിപ്രായങ്ങൾ!! ○



1982 ആഗസ്റ്റ് വില ഒരു രൂപ

# ഇന്ത്യൻ എതീസ്റ്റ് പബ്ലിഷേഴ്സ്

## ന്യൂദൽഹി

## ആഗസ്റ്റ് മാസത്തിലെ അറിയിപ്പുകൾ

### 1, എതീസ്റ്റ് ബുക്ക് ക്ലബ്

ചില സാങ്കേതിക കാരണങ്ങളാൽ എതീസ്റ്റ് ബുക്ക് ക്ലബിന്റെ 'അൻപതു യുക്തിവാദ ഗ്രന്ഥങ്ങൾ' എന്ന പരിപാടി ജൂലൈ 30 മുതലാണ് ആരംഭിച്ചത് എന്നറിയിക്കുന്നു. ബുക്ക് ക്ലബിലെ എല്ലാ അംഗങ്ങൾക്കും ആദ്യപുസ്തകം ഇതിനോടകം അയച്ചു കഴിഞ്ഞിട്ടുണ്ട്. തുടർന്ന് എല്ലാമാസവും 30-ാം തീയതി തുടർച്ചയായി പുസ്തകങ്ങൾ ദൽഹിയിൽനിന്ന് അയക്കുന്നതാണ്. ഇനിയും അംഗങ്ങളായിട്ടില്ലാത്ത കുറച്ചു പേർക്കുകൂടി അംഗത്വം കൊടുക്കാവുന്നതാണ്. വിശദ വിവരങ്ങൾക്ക് എഴുതുക.

### 2. ഖുർആൻ: ഒരു വിമർശന പഠനം

ഖുർആനെക്കുറിച്ചുള്ള ആധികാരികമായ ഈ പഠനം തയ്യാറാക്കിയിട്ടുള്ളത് പ്രസിദ്ധ യുക്തിവാദിയായ ഇടമറുകാണ്. 174 പേജുകളുള്ള ഈ പുസ്തകത്തിന്റെവില 15 രൂപയാണ്. മുൻകൂർ പണം അയക്കുന്നവർക്ക് രജിസ്റ്റേർഡ് തപാൽച്ചിലവ് സൗജന്യമായി ഈ പുസ്തകം അയയ്ക്കുന്നതാണ്. എതീസ്റ്റ് ബുക്ക് ക്ലബിലെ അംഗങ്ങൾക്ക് 9 രൂപ 90 പൈസയ്ക്കുതന്നെ ഈ പുസ്തകം തപാൽച്ചിലവ് അടക്കം കിട്ടും. കോപ്പികൾ ഇപ്പോൾ ലഭ്യമാണ്.

### 3, യുക്തിയുഗം

യുക്തിവാദ സംബന്ധിയായ വിവിധ വിഷയങ്ങളെക്കുറിച്ച് ഇടമറുക് എഴുതിയ 25 ലേഖനങ്ങളുടെ സമാഹാരമാണ് ''യുക്തി യുഗം.'' വളരെയേറെ വിജ്ഞാനപ്രദമായ ഈ പുസ്തകം ഏതാനും ദിവങ്ങൾക്കകം തയ്യാറാവും. വില 15 രൂപയാണ്. എതീസ്റ്റ് ബുക്ക് ക്ലബിലെ രണ്ടാമത്തെ പുസ്തകമാണിത്.

### 4. യുക്തിചിന്ത

ലോകപ്രശസ്തരായ ഇരുപതുയുക്തിവാദികളുടെ തിരഞ്ഞെടുത്ത ലേഖനങ്ങളുടെ സമാഹാരമാണ് ഈ ഗ്രന്ഥം. 300 പേജുകളും കാലിക്കോബയന്റും മനോഹരമായ ജാക്കറ്റുകളുമുള്ള ഈ പുസ്തകത്തിന് 25 രൂപയാണ് വില. ആദ്യം അച്ചടിച്ച മുഴുവൻ കോപ്പികളും രണ്ടു മാസങ്ങൾക്കകം വിററുതീർന്നതിനെത്തുടർന്ന് വീണ്ടും നിങ്ങൾക്കുവേണ്ടി കോപ്പികൾ തയ്യാറാക്കിയിട്ടുണ്ട്. രജിസ്റ്റേർഡ് തപാൽ ചിലവ് ഉൾപ്പെടെ 27 രൂപയ്ക്ക് ഈ പുസ്തകം ലഭ്യമാണ്.

(ശേഷം കവർ നാലാംപേജിൽ)

# രണരേഖ

യുക്തിവാദ മാസിക

1982 ആഗസ്റ്റ് □ പുസ്തകം 3 □ ലക്കം 1 □ വില ഒരു രൂപ

മുഖ്യ ഉപദേഷ്ടാവ്: ഇടമറുക്
(വൈസ് പ്രസിഡൻറ്
ലോക നാസ്തികസംഘം)

പത്രാധിപന്മാർ: ശ്രീനി പട്ടത്താനം
കല്ലിയൂർ പ്രസന്നരാജ്


വിളംബരക്കുറിപ്പ്

## സ്ത്രീധന സമ്പ്രദായം

നൂററാണ്ടുകളായി ഇവിടെ നിലനില്ക്കുന്ന സ്ത്രീധനസമ്പ്രദായം ഈയിടെയായി സമൂഹത്തിന് കൂടുതൽ അപകടകരമായി മാറിയിരിക്കുകയാണെന്ന കാര്യത്തിൽ സംശയമില്ല. അതു കാരണമുള്ള ആത്മഹത്യകളും കൊലപാതകങ്ങളും വർദ്ധിച്ചുവരികയാണല്ലോ.

1961-ൽ സ്ത്രീധന നിരോധനനിയമം പ്രാബല്യത്തിൽ വരികയുണ്ടായെങ്കിലും ഇത്രമാത്രം അനാദരിക്കപ്പെടുന്ന മറെറാരു നിയമം നമ്മുടെ രാജ്യത്തിലില്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഇതിനുവേണ്ടി കൊണ്ടുവരുന്ന പുതിയ നിയമങ്ങളും വലിയ പ്രതീക്ഷവയ്ക്കേണ്ടതില്ല. വിദ്യാഭ്യാസം ഉണ്ടായാൽ ഈ സമ്പ്രദായത്തിന് അറുതി ഉണ്ടാവും എന്ന് കരുതാനും വയ്യ. കാരണം വിദ്യാഭ്യാസം കൂടുന്നതിനനുസരിച്ച് സ്ത്രീധനത്തിൻെറ തോത് വർദ്ധിക്കുന്നതായിട്ടാണ് കണ്ടുവരുന്നത്.

ഈ സാഹചര്യത്തിൽ ഇതിനെതിരെ എന്തെങ്കിലും ചെയ്യാൻ കഴിയുന്നത് മാനുഷികമൂല്യങ്ങൾക്ക് വില കല്പിക്കുന്ന യുക്തിവാദികൾക്കും അവർ അംഗങ്ങളായുള്ള സംഘടനകൾക്കും മാത്രമാണ്. അതിനുവേണ്ടി വിലപ്പെട്ടതു പലതും ഉപേക്ഷിക്കേണ്ടിവന്നെന്നുവരാം. എങ്കിലും ഉൽകൃഷ്ടമായ ഒരാശയത്തിനുവേണ്ടി ചെയ്യുന്ന ത്യാഗം സ്വാതന്ത്ര്യത്തിൻെറ മഹത്വത്തെക്കുറിച്ചറിയാവുന്ന യഥാർത്ഥ യുക്തിവാദിക്ക് സന്തോഷം നൽകുക തന്നെ ചെയ്യും.

—പത്രാധിപർ

പ്രശസ്ത പണ്ഡിതനും ചിന്തകനും അഭിഭാഷകനും വാഗ്മിയുമായിരുന്നു റോബർട്ട് ഗ്രീൻ ഇംഗർസോൾ (1833-1899). നാസ്തികയുക്തിവാദത്തിന്റെ ചരിത്രത്തിലെ അതികായന്മാരിൽ ഒരാളായ ഇദ്ദേഹം മുപ്പതു വർഷക്കാലത്തോളം ലോകത്തെങ്ങും ഒരു വിവാദപുരുഷനായി അറിയപ്പെട്ടിരുന്നു. ദൈവങ്ങളും മററു പ്രസംഗങ്ങളും (1876), മോശയുടെ ചില തെററുകൾ (1879), മഹത്തായ പ്രസംഗങ്ങൾ (1887) തുടങ്ങി നിരവധി നാസ്തിക ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ന്യൂയോർക്കിലെ ഡ്രെസ്ഡൻ എന്ന സ്ഥലത്താണ് അദ്ദേഹം ജനിച്ചത്. 1862-ലെ അമേരിക്കൻ ആഭ്യന്തര യുദ്ധത്തിൽ ഒരു കേണലായി അദ്ദേഹം സേവനം അനുഷ്ഠിച്ചിരുന്നു. ഇംഗർസോളിന്റെ ''അന്ധവിശ്വാസം'' എന്നലേഖനം വിവർത്തനം ചെയ്ത് തുടർച്ചയായി ഈ പംക്തികളിൽ കൊടുക്കുന്നതാണ്—പത്രാധിപർ.

# അന്ധവിശ്വാസം

## റോബർട്ട് ഗ്രീൻ ഇംഗർസോൾ

എന്താണ് അന്ധവിശ്വാസം?

തെളിവുകൾക്കെതിരായോ തെളിവില്ലാതെയോ വിശ്വസിക്കുക.



ഒരു ദുർജ്ഞേയതയെ മറെറാരു ദുർജ്ഞേയതകൊണ്ട് അളക്കുക.

ലോകം അവസരങ്ങളാൽ ഭരിക്കപ്പെടുന്നു എന്നു വിശ്വസിക്കുക.

കാര്യവും കാരണവും തമ്മിലുള്ള യഥാർത്ഥ ബന്ധത്തെ അവഗണിക്കുക.

പ്രപഞ്ചത്തിന്റെ പിന്നിൽ ഒരു ഉദ്ദേശവും ഒരു സംവിധാനവുമുണ്ടെന്നു കരുതുക.

മനസ്സ് വസ്തുവിനെ സൃഷ്ടിക്കുകയും നിയന്ത്രിക്കുകയും ചെയ്യുമെന്ന് വിശ്വസിക്കുക

വസ്തുവിൽനിന്ന് വ്യത്യസ്തമായ ശക്തിയുണ്ടെന്നോ ശക്തിയിൽനിന്ന് വ്യത്യസ്തമായ വസ്തുവുണ്ടെന്നോ കരുതുക.

അത്ഭുതങ്ങൾ, മന്ത്രങ്ങൾ, സ്വപ്നങ്ങൾ, പ്രവചനങ്ങൾ എന്നിവയിൽ വിശ്വസിക്കുക.

അന്ധവിശ്വാസത്തിൻെറ അടിത്തറ അജ്ഞതയാണ്. അതിൻെറ മേൽക്കൂര വിശ്വാസവും, താഴികക്കുടം അർത്ഥശൂന്യമായ പ്രത്യാശയുമാണ്.

അന്ധവിശ്വാസം അജ്ഞതയുടെ ശിശുവും ദാരിദ്ര്യത്തിൻെറ മാതാവുമാണ്.

ഏതുതരം തലച്ചോറിലും അന്ധവിശ്വാസത്തിൻെറ ചെറിയ മേഘശകലങ്ങൾ തങ്ങിനിൽക്കുന്നുണ്ടാകും.

പാത്രം കഴുകിക്കൊണ്ടിരിക്കുന്ന സ്ത്രീ അതു താഴെ വീഴുമ്പോൾ പറയും: ''അതിഥികൾ വരുന്നുണ്ട്'' എന്ന്.

ഒരു തുണി താഴെ വീഴുന്നതും അതിഥികളുടെ വരവും തമ്മിൽ ബന്ധമില്ലെന്ന് സാധാരണ എല്ലാവരും സമ്മതിക്കും. അവിടെ സന്നിഹിതരാകാത്ത മനുഷ്യരുടെ മനസ്സിൽ സന്ദർശന താൽപ്പര്യം ഉണ്ടാക്കാൻ താഴെ വീഴുന്ന ആ തുണിക്കഷണത്തിന് എങ്ങനെ കഴിയും? ആ തുണി താഴെയിട്ട വ്യക്തിയുടെ മനസ്സിലെ താൽപ്പര്യം മററൊരാളുടെ മനസ്സിൽ ഉണ്ടാക്കാൻ ആ തുണിക്ക് കഴിവില്ല. ഒരു തുണിക്കഷണം താഴെ വീഴുന്നതും പിന്നീടുണ്ടാകുന്നതുമായ സംഭവങ്ങളും തമ്മിൽ യാതൊരു ബന്ധവുമില്ല.

## ഇടതു തോളിലൂടെ ചന്ദ്രനെ കാണുക

ഒരാൾ തൻെറ ഇടതു തോളിലൂടെ നോക്കുമ്പോൾ പുതിയ ചന്ദ്രനെ കണ്ടുപോയാൽ അയാൾ പറയും: ''ഇതൊരു ചീത്ത ശകുനമാണ്'' എന്ന്.

ചന്ദ്രനെ വലത്തേ തോളിൻേറയോ ഇടത്തേ തോളിൻേറയോ മുകളിലൂടെ കാണുന്നതോ കാണാതിരിക്കുന്നതോ ചന്ദ്രനെ ഒരുവിധത്തിലും ബാധിക്കുന്നില്ല. ചന്ദ്രനു ഭൂമിയിലുള്ള ഏതെങ്കിലും വസ്തുവിലുള്ള സ്വാധീനത്തേയോ പ്രതിഫലനത്തേയോ അതു ബാധിക്കുന്നുമില്ല. ഇടത്തേ തോളിലൂടെയുള്ള ദർശനം പ്രകൃതിയിൽ ഒരു മാററവും വരുത്തുന്നില്ല. വലത്തേ തോളിലൂടെ നോക്കിക്കണ്ടാലും പ്രകൃതിയിലുള്ളതെല്ലാം അതുപോലെ നിൽക്കും. ഇടത്തേ തോളിലൂടെയുള്ള ചന്ദ്രദർശനംകൊണ്ട് ഒരു വ്യക്തിക്കും ഒന്നും സംഭവിക്കുകയില്ല എന്ന് ഇന്ന് നമുക്കറിയാം.

## വിവാഹവും പുഷ്പദലങ്ങളും

ഒരു യുവതി പുഷ്പദലങ്ങൾ എണ്ണിയിട്ടു പറയുന്നു: ''ഒന്ന്, അയാൾ വരുന്നു; രണ്ട്, പിൻവാങ്ങി നിൽക്കുന്നു; മൂന്ന്, പ്രേമിക്കുന്നു; നാല്, വിവാഹം ചെയ്യുന്നു; അഞ്ച്, അയാൾ ഉപേക്ഷിച്ചുപോകുന്നു.''

പൂവുണ്ടാകുന്നതും അതിനു ദലങ്ങൾ വിരിയുന്നതും ഈ പ്രത്യേക പെൺകുട്ടിയുടെ പ്രേമവും വിവാഹവും കണക്കാക്കിയല്ല. ആ പൂവ് അവൾ എടുക്കുമ്പോഴും യാതൊരു പ്രത്യേക ബുദ്ധിയും അവൾക്ക് നൽകാൻ പൂവിനു പ്രാപ്തിയു

മില്ല. അതുപോലെ തന്നെയാണ് ഒരു ആപ്പിളിലെ കുരുവെണ്ണി ഒരാളുടെ ഭാവി സുഖകരമോ ദുഃഖകരമോ എന്നു നിർണ്ണയിക്കുന്നതും.

## നല്ല ദിവസങ്ങളും ചീത്ത ദിവസങ്ങളും

ആയിരക്കണക്കിനാളുകൾ നല്ലതും ചീത്തയുമായ ദിനങ്ങളിലും സംഖ്യകളിലും അടയാളങ്ങളിലും രത്നങ്ങളിലും വിശ്വസിക്കുന്നു.

ചിലർ വെള്ളിയാഴ്ചയെ ഒരു ദുർദ്ദിനമായി കരുതുന്നു. യാത്ര പുറപ്പെടാനും വിവാഹം നടത്താനും ഏതെങ്കിലും കാര്യത്തിൽ മുതൽ മുടക്കാനും പററാത്ത ദിവസമാണതെന്ന് അവർ കരുതുന്നു. വെള്ളിയാഴ്ച ഭാഗ്യമില്ലാത്ത ദിവസമാണെന്ന വിശ്വാസം മാത്രമാണതിനു കാരണം.

വെള്ളിയാഴ്ച ഒരാൾ കടൽ കടക്കാൻതുടങ്ങിയാൽ അത് കാററിനേയോ തിരമാലയേയോ കടലൊഴുക്കുകളേയോ ബാധിക്കാറില്ല. മറേറതു ദിവസത്തെയുംപോലെയല്ലാതെ പ്രകൃതിയിൽ നമ്മുടെയാത്ര പ്രത്യേകമായ യാതൊന്നും ഉണ്ടാക്കാറില്ല. വെള്ളിയാഴ്ച ദുർദ്ദിനമാണെന്ന വിശ്വാസത്തിൽ ഒരു കഴമ്പുമില്ലെന്ന് മനസ്സിലാക്കാൻ ഈ ഒററ ഉദാഹരണം മതി.

## പതിമൂന്ന് !

പതിമ്മൂന്നുപേർ ഒന്നിച്ച് ആഹാരം കഴിക്കുന്നത് അപകടകരമാണെന്ന് ചിലർ വിശ്വസിക്കുന്നു. 13 അപകടകരമായ സംഖ്യയാണെങ്കിൽ അതിൻെറ ഇരട്ടിയായ 26, ഇരട്ടി അപകടകരമായിരിക്കുമല്ലോ. 52, നാലിരട്ടി അപകടകരവും !

പതിമ്മൂന്നുപേരിൽ ഒരാൾ ഒരു വർഷത്തിനുള്ളിൽ മരിക്കുമെന്നാണ് വിശ്വാസം. ഈ സംഖ്യയും ഓരോരുത്തരുടെ ദഹനവും തമ്മിൽ, ഈ സംഖ്യയും വ്യക്തികൾക്കുണ്ടാകുന്ന രോഗവും തമ്മിൽ എന്താണ് ബന്ധം? പതിന്നാലു പേർ ഒന്നിച്ചാഹാരം കഴിച്ചാൽ, അടുത്ത ഒരു വർഷത്തിനകം അതിൽ ഒരാൾ മരിക്കാൻ പതിമ്മൂന്നിൽ ഒരാൾ മരിക്കുന്നതിനേക്കാൾ അവസരം കൂടുതലുണ്ട്.

## ഉപ്പ് വിനാഗിരി, തിയേററർ !

ഉപ്പുപാത്രം മറിയുന്നത് ദുശ്ശകുനമാണ്. പക്ഷേ, വിനാഗിരി മറിഞ്ഞുപോയാൽ കുഴപ്പമില്ല!

ഉപ്പു മറിഞ്ഞാൽ പ്രതികാരചിന്തയെപ്പററി ഭയപ്പെടുന്നവർ, വിനാഗിരി മറിയുമ്പോൾ ക്ഷമ ലഭിക്കുമെന്ന് കരുതാത്തതെന്ത്?

തിയേറററിലെത്തുന്ന ആദ്യത്തെ ആൾ കോങ്കണ്ണനാണെങ്കിൽ പ്രേ

---

ഖുറാനും ഹാദിയത്തുകളും പരിശോധിച്ചാൽ ഇസ്ലാംമതം ലോകത്തിലേക്കും ക്രൂരമായ മർദ്ദനമുറകളാണ് എക്കാലത്തും നടത്തിയിരുന്നതെന്ന് വ്യക്തമാകും. അത് ജനാധിപത്യവിരുദ്ധമാണ്; യാഥാസ്ഥിതികവുമാണ്.

—കോളിൻമെയിൻ

ക്ഷകർ കുറവായിരിക്കുമെന്നും ബിസിനസ് മോശമാകുമെന്നുമാണ് മററൊരു വിശ്വാസം.

ആദ്യം തീയേററററിൽ വരുന്നയാളിൻെറ കണ്ണിൻെറ പ്രത്യേകതകൾ എങ്ങനെയാണ് ഒരു സമൂഹത്തിൻെറ പ്രവർത്തനത്തെ ബാധിക്കുന്നത്? അല്ലെങ്കിൽ ഒരു സമൂഹത്തിനുള്ള വികാരം എങ്ങനെയാണ് കോങ്കണ്ണനെ സ്വാധീനിച്ച് നേരത്തേ തിയേററററിൽ എത്തിക്കുന്നത്! ഇതൊരുത്തരും തൃപ്തികരമായി വിവരിച്ചുകേട്ടില്ല. ഈ സംഭവങ്ങൾക്കു തമ്മിൽ ഒരു ബന്ധവും കാണാൻ കഴിയുകയില്ല.

ഓപ്പൽ (ഉപലനീലക്കല്ല്) ധരിക്കുന്നത് ചീത്തയാണെന്നാണ് ഇനി മററൊരു വിശ്വാസം. എന്നാൽ റൂബികൾ ആരോഗ്യമുണ്ടാക്കുമത്രെ! ഈ കല്ലുകൾക്ക് എങ്ങനെ മനുഷ്യൻെറ ഭാവിയെ ബാധിക്കാൻ കഴിയും? കാര്യകാരണബന്ധങ്ങളുടെ അടിസ്ഥാന പ്രമാണങ്ങളെ അവയ്ക്കെങ്ങനെ മാററാൻ സാധിക്കും?

ഇതുപോലെ ഭാഗ്യമുള്ളതും ഇല്ലാത്തതുമായ ആയിരക്കണക്കിനു വസ്തുക്കളും അടയാളങ്ങളും മന്ത്രങ്ങളും പ്രവചനങ്ങളുമുണ്ട്. ഇവയെല്ലാം ബുദ്ധിയില്ലാത്തവർക്കും വിഡ്ഢികൾക്കും മാത്രം ചേർന്ന അന്ധവിശ്വാസങ്ങളാണെന്ന് വിവരമുള്ള മനുഷ്യർക്കറിയാം.

### ഗ്രഹണങ്ങൾ

സൂര്യൻേറയും ചന്ദ്രൻേറയും ഗ്രഹണങ്ങൾ, മഹാമാരികളേയോ (വസൂരി, പ്ളേഗ് തുടങ്ങിയ മഹാരോഗങ്ങൾ) ദാരിദ്ര്യത്തേയോ രാജാക്കൻമാരുടെ മരണത്തേയോ രാജ്യങ്ങളുടെ നാശത്തേയോ വരാൻപോകുന്ന യുദ്ധത്തേയോ പററി മുൻകൂട്ടി അറിവുതരുന്ന അടയാളങ്ങളാണെന്ന് വളരെ നൂററാണ്ടുകളോളം ആളുകൾ വിശ്വസിച്ചിരുന്നു. ആകാശത്തിലെ ഇത്തരം ഓരോ അസാധാരണ സംഭവങ്ങൾ— ധ്രുവദീപ്തി, ചാരുവലയം, സൂര്യനിലെ പാടുകൾ, ഉൽക്കാപതനം- തുടങ്ങിയ നമ്മുടെ പൂർവ്വീകരെ ഭയപ്പെടുത്തിയിരുന്നു. അവർ മുട്ടിൻമേൽ കുത്തിനിന്ന് പ്രാർത്ഥിക്കുകയും ബലികൾ കഴിക്കുകയും വരാൻപോകുന്ന അപകടത്തിൽ നിന്ന് രക്ഷിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു. സഹായത്തിനുവേണ്ടി ആകാശത്തിലേക്ക് നോക്കി കരയുമ്പോൾ ഭയംകൊണ്ട് അവരുടെ കണ്ണുകൾ അടയുകയും മുഖം വിവർണ്ണമാവുകയും ചെയ്തിരുന്നു. ഇപ്പോഴത്തെ യാഥാസ്ഥിതിക ഉപദേശിമാരെപ്പോലെ അന്നത്തെ പുരോഹിതൻമാർക്കും ദൈവം എന്താണെന്നും ഗ്രഹങ്ങളുടേയും സൂര്യനിലെ പാടുകളുടേയും ധ്രുവദീപ്തിയുടേയും അർത്ഥമെന്താണെന്നും അറിയാമായിരുന്നു. ദൈവത്തിൻെറ ക്ഷമ നശിച്ചിരിക്കുകയാണെന്നും അദ്ദേഹം പ്രതികാരത്തിൻെറ ഖഡ്ഗം ഉഗ്രകോപത്തോടെ മൂർച്ചകൂട്ടിക്കൊണ്ടിരിക്കുകയാണെന്നും അതിൽനിന്നു രക്ഷ നേടണമെങ്കിൽ പുരോഹിതൻമാർ പറയുന്നത് അനുസരിക്കണമെന്നും അവർ നിർദ്ദേശിച്ചു. ജപമാലകൾ ഉരുട്ടുക, സംഭാവനകൾ ഇരട്ടിയാക്കുക തുടങ്ങിയവയാണ് പുരോഹിതൻമാർ ഭക്തൻമാർക്ക് നൽകി. നിർദ്ദേശങ്ങൾ.

ഓരോ ഭൂമികുലുക്കങ്ങളും, കൊ

ടുങ്കാററുകളും പള്ളിയുടെ ഭണ്ഡാഗാരങ്ങളെ നിറച്ചു. അപകടങ്ങളുടെ നടുവിൽ ലുബ്ധൻമാർപോലും പണക്കിഴികൾ തുറന്നു. ഗ്രഹങ്ങളിടെ ഇരുളിൽ കൊള്ളക്കാർ കൊള്ളവസ്തുക്കൾ ദൈവത്തിനു പങ്കുവെച്ചു. പാവപ്പെട്ടവരും സത്യ സന്ധരും അറിവില്ലാത്തവരുമായ പെൺകുട്ടികൾ അവരുടെ ചെറിയ സമ്പാദ്യംപോലും ദൈവത്തിനു കാഴ്ചവെച്ചു

ഇപ്പോൾ നമുക്കറിയാം, ആകാശത്തിലെ ഈ അടയാളങ്ങളൊന്നും രാജാക്കൻമാരുടെയോ രാജ്യത്തിൻേറയോ വ്യക്തികളുടേയോ വിധിയുമായി ബന്ധപ്പെട്ടതല്ലെന്ന്. അവയ്ക്ക് മനുഷ്യ ജീവികളേയോ ഉറുമ്പിൻകൂട്ടങ്ങളേയോ തേനീച്ചക്കൂട്ടങ്ങളേയാ പ്രാണിവർഗ്ഗങ്ങളേയോ പററി ബോധമൊന്നുമില്ല. ഭൂമിയിൽ മനുഷ്യജീവികൾ ഇല്ലെങ്കിലും ധൂമകേതുക്കൾ ഉദിക്കുകയും ഗ്രഹങ്ങൾ ഉണ്ടാവുകയും ഉൽക്കകൾ പതിക്കുകയും ചെയ്യും. ഗ്രഹങ്ങൾ ഉണ്ടാകുന്നത് പ്രത്യേക സമയത്താണെന്നും മുൻകൂട്ടി അവയുടെ സമയം അറിയാൻ മനുഷ്യനു കഴിയുമെന്നും ഇന്ന് നമുക്കറിയാമല്ലോ.

## അത്ഭുത രോഗശാന്തി

ജീവനില്ലാത്ത ചില പ്രത്യേക വസ്തുക്കൾക്ക് അത്ഭുതകരമായി രോഗശാന്തി വരുത്താൻ കഴിവുണ്ടെന്ന് മുമ്പ് പരക്കെ വിശ്വാസമുണ്ടായിരുന്നു. ചില 'വിശുദ്ധ' പുരുഷൻമാരുടേയും സ്ത്രീകളുടേയും അസ്ഥികൾ, വൃത്തികെട്ട വേഷത്തിൽ നടക്കുന്ന 'പുണ്യ'വാൻമാരുടെ കീറത്തുണികൾ, രക്തസാക്ഷികളുടെ മുടി, കുരിശിൻേറ കഷണങ്ങളും തുരുമ്പുപിടിച്ച ആണികളും, വിശുദ്ധൻമാരുടെ പല്ലുകൾ. നഖങ്ങൾ എന്നിങ്ങനെ ആയിരക്കണക്കിന് വിശുദ്ധ വസ്തുക്കൾ രോഗശമനം നൽകുന്നതായി വിശ്വസിക്കപ്പെട്ടു.

ഏതാനും അസ്ഥിക്കഷണങ്ങളോ കീറത്തുണികളോ തടിക്കഷ്ണങ്ങളോ വിശുദ്ധ രോമങ്ങളോ വെച്ചിട്ടുള്ള പെട്ടിയെ രോഗി ചുംബിച്ചാലും രോഗശമനമുണ്ടാകും എന്ന് അവർ വിശ്വസിച്ചു. പള്ളിക്ക് എന്തെങ്കിലും സംഭാവന ചെയ്തതിനു ശേഷമായിരിക്കണം ആ ചുംബനമെന്നു മാത്രം!

ചില അത്ഭുത മാർഗ്ഗങ്ങളിലൂടെ ഈ അസ്ഥിക്കഷണങ്ങളിലോ പഴന്തുണികളിലോ തടിക്കഷണങ്ങളിലോ ഉള്ള വിശുദ്ധി പെട്ടിക്കകത്തുനിന്നും പുറത്തേക്കൊഴുകി രോഗിയിൽ തങ്ങിയാൽ,വിശ്വാസിയായ അയാൾക്ക്ദൈവത്തിൻേറ നാമത്തിൽ യഥാർത്ഥ രോഗങ്ങളായ പിശാചുക്കളെ ഓടിക്കാൻ കഴിയുമെന്നും വിശ്വസിക്കപ്പെടുന്നു.

അസ്ഥികൾ, തുണിക്കഷ്ണങ്ങൾ, വിശുദ്ധ രോമങ്ങൾ എന്നിവമൂലം ഉദ്ദിഷ്ടഫലം ലഭിക്കുമെന്നുള്ള വിശ്വാസം മറെറാരു അന്ധവിശ്വാസത്തിന് ജൻമം നൽകി. രോഗങ്ങളെല്ലാം ഉണ്ടാകുന്നത് ദുരാത്മാക്കളിൽ നിന്നാണെന്നുള്ളതാണ് ആ വിശ്വാസം. ഭ്രാന്തുണ്ടാകുന്നത് പിശാചുബാധയാലാണെന്ന് കര തപ്പെട്ടു. ചുഴലിദീനവും ഹിസ്ററീരിയയും സാത്താനുണ്ടാ

ക്കുന്നതാണെന്നും വിശ്വസിക്കപ്പെട്ടു. ചുരുക്കത്തിൽ മനുഷ്യനുണ്ടാകുന്ന ഓരോ പീഢനവും നരകത്തിലെ ദൈവത്തിൻെറ പ്രതിനിധികൾ വരുത്തുന്നതാണെന്നു വന്നു. ഈ വിശ്വാസം സാർവ്വത്രികമായിരുന്നു. ഇപ്പോഴും ദശലക്ഷക്കണക്കിനാളുകൾ ''വിശുദ്ധ അസ്ഥി''കളിൽ വിശ്വസിക്കുന്നു.

പക്ഷേ, പിശാചുക്കൾ എന്നൊന്നുണ്ടെന്ന് അറിവുള്ള ഒരു മനുഷ്യനും വിശ്വസിക്കുന്നില്ല. പിശാചുക്കളാണ് രോഗമുണ്ടാക്കുന്നതെന്ന് വിവരമുള്ളവരാരും കരുതുന്നുമില്ല. അസ്ഥിക്കഷണങ്ങൾ, പഴന്തുണികൾ, വിശുദ്ധ രോമങ്ങൾ എന്നിവയ്ക്ക് രോഗശമനം വരുത്താൻ കഴിയുമെന്നോ ആരോഗ്യം വീണ്ടെടുക്കാൻ സാധിക്കുമെന്നോ വിവരമുള്ളവരാരും ഇന്നു വിശ്വസിക്കുന്നില്ല.

ഒരു വിശുദ്ധൻെറ അസ്ഥിക്കും മൃഗത്തിൻെറ അസ്ഥിയെക്കാൾ എന്തെങ്കിലും മേൻമയുള്ളതായി അറിവുള്ള ഒരുത്തരും കരുതുന്നില്ല. ഒരു വിശുദ്ധൻെറ കീറത്തുണിയും ഭിക്ഷക്കാരൻെറ കീറത്തുണിയും ഒരുപോലെതന്നെയാണ്. രക്തസാക്ഷിയുടെ രോമത്തിനും കുതിരയുടെ രോമത്തിനും ഒരേ രോഗശമന ശക്തിയേയുള്ളൂ!

എല്ലാ വിശുദ്ധ വസ്തുക്കളും, വെറും ചവറുകളാണ്; അവ ഉപയോഗിക്കുന്നവർ ചതിയൻമാരാണ്; അവയെ ആശ്രയിക്കുന്നവർ വിഢ്ഢികളും!

ഏലസ്സുകളിലും മന്ത്രവാദങ്ങളിലും പ്രേതങ്ങളിലും പിശാചുക്കളിലും വിശ്വസിക്കുന്നത് ശുദ്ധ അന്ധവിശ്വാസമാണ്.

ഈ ''തിരുശേഷിപ്പു''കളെ രോഗശമന ശേഷിയുള്ള മരുന്നുകളായി നമ്മുടെ പ്രപിതാമഹൻമാർ കരുതിയിരുന്നില്ല. പക്ഷേ, ഇത്തരം വിശുദ്ധവസ്തുക്കളിൽ നിന്ന് പിശാചുക്കൾ അകന്നുനിൽക്കുമെന്ന് അവർ വിശ്വസിച്ചു. ഒരു വിശുദ്ധൻെറ അസ്ഥിക്കഷണത്തിനടുത്തുനിന്ന് ഓടിപ്പോകുമെന്നും യഥാർത്ഥ കുരിശിൻെറ ഒരു ചെറിയ കഷണത്തെപ്പോലും അവ ഭയപ്പെടുമെന്നും വിശുദ്ധ ജലം ഒരാളിൽ തളിച്ചാൽ അവ ഉടനെ സ്ഥലംവിടുമെന്നും അവർ വിശ്വസിച്ചിരുന്നു. പിശാചുക്കൾ വിശുദ്ധമണിയുടെ നാദത്തെയും മെഴുകുതിരിയുടെ വെളിച്ചത്തെയും എല്ലാററിനുമുപരി കുരിശിനെയും വെറുക്കുകയും ഭയപ്പെടുകയും ചെയ്യുന്നു എന്ന് അവർ വിശ്വസിച്ചു.

അക്കാലത്തെ പുരോഹിതൻമാർ പണമുണ്ടാക്കാൻ വ്യഗ്രത പൂണ്ടുമുക്കുവൻമാരായിരുന്നു. അവർ ഈ തിരുശേഷിപ്പുകളെ ചൂണ്ടയിൽ കൊളുത്തി മനുഷ്യരുടെ മുമ്പിലേക്ക് ഇട്ടുകൊടുത്തു.

---

അടുത്തലക്കത്തിൽ

## മന്ത്രവാദം

ഇംഗർസോളിൻെറ ലേഖനം
തുടരുന്നു.

തീനാളങ്ങൾ

# ഇസ്ലാമിലെ ക്രൂരമായ ശിക്ഷാസമ്പ്രദായങ്ങൾ

## ഇടമറുക്

“അബുദാബി, ജൂലൈ 4—കല്ലെറിഞ്ഞു കൊല്ലാൻ വിധിക്കപ്പെട്ട ഒരു കേരളീയൻ സ്വതന്ത്രനായി വീട്ടിലേക്കു തിരിച്ചിരിക്കുന്നു. 100 അടി ശിക്ഷയായി നൽകിയതിനുശേഷമാണ് അയാളെ വിട്ടയച്ചത്. അബ്ദുൽ വഹാബ്കുട്ടി എന്ന ഈ



മുസ്ലീമിന് രണ്ടുമാസങ്ങൾക്കു മുമ്പ് അൽ അയിൻ ശരിയത്ത് കോടതി, ശ്രീലങ്കാക്കാരിയായ ഒരു വീട്ടുജോലിക്കാരിയുമായി വ്യഭിചാരം നടത്തിയതിന് മരണശിക്ഷ വിധിച്ചിരുന്നു. ശ്രീലങ്കക്കാരി യുവതിക്കും 100 അടി കിട്ടി. ഈ കേസിനുണ്ടായ അന്തർദേശീയ താൽപര്യം പരിഗണിച്ച് കോടതി രണ്ടാമതും കൂടി വധശിക്ഷക്കു പകരം നൂറടി നൽകാനും നാട്ടിൽ നിന്ന് അയാളെ പുറത്താക്കാനും നിശ്ചയിക്കുകയാണുണ്ടായത്.

“ശരിയത്തു കോടതിയിലെ ചീഫ് ജസ്റ്റീസിന് അഹമ്മദ് ഒരു ദയാഹർജി നൽകിയിരുന്നു. പാവപ്പെട്ട ഒരു വലിയ കുടുംബത്തിന്റെ സംരക്ഷണഭാരം തനിക്കുണ്ടെന്ന് അയാൾ അതിൽ വ്യക്തമാക്കിയിരുന്നു. കേരള അസംബ്ലിയിലും ശ്രീലങ്കാ പാർലമെന്റിലും ഈ വിഷയം അവതരിപ്പിക്കപ്പെട്ടിരുന്നു... കൊളംബോയിൽ ശ്രീലങ്കയിലെ വിദേശകാര്യ മന്ത്രികാര്യാലയം ആ പെൺകുട്ടിയുടെ കാര്യത്തിൽ ഇടപെടുകയും 100 അടി മനുഷ്യത്വ

പർമായ കാരണങ്ങളാൽ ലഘൂകരിക്കണമെന്ന് യു. എ. ഇ. അധികാരികളോട് ആവശ്യപ്പെടുകയും ചെയ്തു. ഒരു അസാധാരണ നടപടിയെന്ന നിലയിൽ ചീഫ് ജസ്ററീസ് മൂന്നംഗങ്ങളുള്ള സ്പെഷ്യൽ ശരിയത്ത് അപ്പീൽ കോടതി അബുദാബിയിൽ ശനിയാഴ്ച കൂടാൻ നിർദ്ദേശിച്ചു. മുമ്പ് ശരിയ കോർട്ടിനെതിരായി അപ്പീലുകൾ ഉണ്ടായിട്ടില്ല. 100 ലഘുവായ അടി നൽകപ്പെട്ട പെൺകുട്ടിയെ നേരത്തേതന്നെ അബുദാബിയിൽ നിന്നു പുറത്താക്കിയിരുന്നു''.

യു. എൻ. ഐ എന്ന വാർത്താ ഏജൻസിയുടെ അബുദാബി ലേഖകൻ റിപ്പോർട്ടു ചെയ്തിട്ടുള്ളതാണ് ഈ വാർത്ത. യു.എ.യിൽ ജോലിനോക്കിയിരുന്ന അഹമ്മദ് അബ്ദുൽ വഹാബ്കുട്ടി തിരൂർകാരനാണ്. അയാളുടെ കാമുകിയായ യുവതി, ശ്രീലങ്കക്കാരിയും. ഇവർ രണ്ടുപേരും വീട്ടിൽനിന്ന് അകന്ന് അബുദാബിയിൽ താമസിക്കുമ്പോഴാണ് അനുരാഗബദ്ധരാകുന്നത്. വിവാഹിതരാകാൻ നിശ്ചയിച്ചിരുന്ന അവർ ലൈംഗികബന്ധത്തിൽ ഏർപ്പെട്ടു. ആ ''മഹാപരാധ''ത്തിനാണ് അഹമ്മദുകുട്ടിയെ കല്ലെറിഞ്ഞ് കൊല്ലാൻ ശരിയത്തു കോടതി നിശ്ചയിച്ചത്. ഇത്ര ക്രൂരമായ ശിക്ഷാസമ്പ്രദായത്തിനെതിരായി ലോകമനസാക്ഷി ഉണർന്നു. മനുഷ്യസ്നേഹികൾ അതിനെതിരായി ശബ്ദമുയർത്തിയതിൻെറ ഫലമായി ആ യുവാവും യുവതിയും ക്രൂരമായ കൊലപാതകത്തിൽ നിന്നു രക്ഷപ്പെട്ടു.

ലോകത്തിലെ പ്രാകൃത മതങ്ങളിൽ ഒന്നാണ് ഇസ്ലാം എന്നു തെളിയിക്കുന്നതാണ് ആ മതത്തിലെ ശിക്ഷാനിയമങ്ങൾ. താരതമ്യേന നിസ്സാരമായ കുററങ്ങൾക്കാണ് അതിക്രൂരമായ ശിക്ഷ അവർ കല്പിക്കുന്നത്. അത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. ഇസ്ലാം മത സ്ഥാപകനായ മുഹമ്മദ്നബി തന്നെയാണ് അവയിൽ പലതും തുടങ്ങിവെച്ചതും.

## വ്യഭിചാരത്തിന് പലതരം ശിക്ഷകൾ

വ്യഭിചാരത്തിന് പലതരം ശിക്ഷകൾ മുഹമ്മദുനബി നൽകിയിരുന്നതായി ഖുർആൻ വാക്യങ്ങളും ഹദീസുകളും തെളിയിക്കുന്നു. വ്യഭിചാരം ചെയ്യുന്ന സ്ത്രീകളെ ജീവപര്യന്തം തടവിലിടണമെന്നാണ് ഒരിക്കൽ അല്ലാഹു നിർദ്ദേശിച്ചത്. ഖുർആൻ 4:15-ൽ ഇങ്ങനെ കാണുന്നു.—

''നിങ്ങളുടെ സ്ത്രീകളിൽ നിന്ന് നീചവൃത്തി (വ്യഭിചാരം) ചെയ്യുന്നവരുടെ മേൽ നിങ്ങളിൽ (മുസ്ലീം പുരുഷൻമാരിൽ) നിന്നു നാലുപേരെ സാക്ഷി നിറുത്തുവിൻ. അവർ (അവരുടെമേൽ അതുകൊണ്ട്) സാക്ഷി നിന്നാൽ അവരെ നിങ്ങൾ വീടുകളിൽ തടഞ്ഞു വെയ്ക്കുക (ജനങ്ങളുമായി കലരുവാൻ അവരെ നിങ്ങൾ അനുവദിക്കരുത്) അവരെ മൌനത്തിൻെറ (മലക്ക്) മരിപ്പിക്കുന്നതുവരെയോ അല്ലെങ്കിൽ അല്ലാഹു അവർക്കു ഒരു മാർഗ്ഗം നിശ്ചയിക്കുന്നതുവരെയോ''

(തഫ്സീറുൽ ഖുർ ആൻ 4:15)

ഖുർ ആനിൽ തന്നെ മറ്റൊരുഭാഗത്ത് വഭിചാരത്തിനുള്ള ശിക്ഷ വിവരിക്കുന്നത് മറ്റൊരു വിധത്തിലാണ്:—

''(വിവാഹബന്ധത്തിലേർപ്പെടാത്ത) വ്യഭിചാരിണിയും വ്യഭിചാരിയും അവരിൽ ഓരോരുത്തരെയും നിങ്ങൾ നൂറടി അടിക്കുവിൻ. അവർ രണ്ടാളുടെ വിഷയത്തിൽ അല്ലാഹുവിന്റെ മതത്തിൽ നിങ്ങളെ ദയ പിടികൂടാതിരിക്കട്ടെ. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുണ്ടെങ്കിൽ. അവർ ഇരുവരുടെ ശിക്ഷ (അടി)യ്ക്ക് സത്യവിശ്വാസികളിൽ ഒരു വിഭാഗം സാക്ഷ്യം വഹിക്കട്ടെ''

(തഫ് സീറുൽ ഖുർ ആൻ 24:2)

വ്യഭിചാരിണിയെ ജീവപര്യന്തം തടവിൽ ഇടണമെന്നു ഒരിക്കലും 100 അടിവീതം അടിക്കണമെന്ന് മറ്റൊരിക്കലും അല്ലാഹു കൽപ്പിച്ചതായിട്ടാണ് ഈ ഖുർ ആൻ വാക്യങ്ങൾ തെളിയിക്കുന്നത്. ഈ മനംമാറ്റത്തിന് അല്ലാഹുവിനെ പ്രേരിപ്പിച്ച കാര്യമെന്താണെന്ന് വ്യക്തമല്ല എന്നാൽ അല്ലാഹുവിന്റെ ദൂതനായ മുഹമ്മദ് അവസരം വന്നപ്പോൾ വ്യഭിചാരക്കുറ്റം ചെയ്തവരെ കല്ലെറിഞ്ഞുകൊന്നതായി ഹദീസുകളിൽ കാണുന്നു. ഒരു ഭാഗം താഴെ ഉദ്ധരിക്കാം:—

''ജൂതൻമാർ തിരുമേനി (സ) യുടെ അടുക്കൽ വന്നിട്ട് അവരുടെ കൂട്ടത്തിലെ ഒരു സ്ത്രീയും പുരുഷനും വ്യഭിചരിച്ചതായി കേസു പറഞ്ഞു. അന്നേരം തിരുമേനി (സ) അവരോടു ചോദിച്ചു: ''എറിഞ്ഞുകൊല്ലുന്ന ശിക്ഷയേപ്പറ്റി നിങ്ങളുടെ വേദഗ്രന്ഥമായ തൗറാത്തിൽ എന്താണ് നിങ്ങൾ കണ്ടിട്ടുള്ളത്?'' അവർപറഞ്ഞു: ''ഞങ്ങളവരെ അപമാനിക്കും. ചാട്ടവാറുകൊണ്ടടിക്കുകയും ചെയ്യും.'' ഉടനെ അബ്ദുല്ലാഹ്ബ്നു സലാം (റ) പറഞ്ഞു: ''കള്ളമാണ് നിങ്ങൾ പറയുന്നത്. തൗറാത്തിൽ എറിഞ്ഞുകൊല്ലാൻ വിധിയുണ്ടല്ലോ.'' അപ്പോൾ അവർ തൗറാത്തുകൊണ്ടുവന്നു നിവർത്തി. എന്നിട്ട് അവരിലൊരുവൻ എറിഞ്ഞുകൊല്ലാനുള്ള വിധിഇരിക്കുന്ന വാക്യത്തിനു മീതെ തന്റെ കൈവച്ചു. എന്നിട്ട് അതിനു മുമ്പും ശേഷവുമുള്ള ഭാഗങ്ങൾ വായിച്ചു. അന്നേരം അബ്ദുല്ലാഹ്ബ്നുസലാം (റ) അവനോടു പറഞ്ഞു: ''നീ നിന്റെ കൈ എടുക്കൂ ''അവൻ തന്റെ കൈ ഉയർത്തി. അപ്പോഴതാ അവിടെ എറിഞ്ഞുകൊല്ലാനുള്ള വിധിയുണ്ട്! അന്നേരം ജൂതൻമാർ പറഞ്ഞു: ''ഇയാൾ പറഞ്ഞത് സത്യമാണ് മുഹമ്മദ്! അതിൽ എറിഞ്ഞുകൊല്ലാനുള്ള വിധിയുണ്ട്.'' അങ്ങനെ അവർ രണ്ടുപേരെയും തിരുമേനി കൽപ്പിച്ചതനുസരിച്ച് എറിഞ്ഞുകൊന്നു''.

---

ഇന്നത്തെ ജീവിതസിദ്ധാന്തങ്ങൾ അനുസരിച്ചുനോക്കിയാൽ മുഹമ്മദുനബി ക്രൂരനായ ഒരു കിരാതനും ദയയില്ലാത്ത മതഭ്രാന്തനുമായിരുന്നു.

—കോളിൻമെയിൻ

---

(സഹീഹുൽ ബുഖാരി: 1476. സി. എൻ. അഹമ്മദ് മൌലവിയുടെ തർജ്ജമ പേജ് 540)

മററൊരു അവസരത്തിൽ വ്യഭിചാരക്കുററം ചെയ്ത ഒരു ഗർഭിണിയെ മുഹമ്മദിൻെറ അടുക്കൽ കൊണ്ടുവന്നു. അപ്പോൾ അവളുടെ പ്രസവം കഴിഞ്ഞ് അവരെ കൊണ്ടുവരാൻ നബി കൽപ്പിച്ചു. പ്രസവം കഴിഞ്ഞ് ആ സ്ത്രീയെ കൊണ്ടുവന്നപ്പോൾ അവരെ എറിഞ്ഞുകൊല്ലിച്ചതായി ഹദീസുകളിൽ മററൊരുഭാഗത്തു കാണുന്നു.

## നബിയുടെ ലൈംഗികജീവിതം

ഇതിൽനിന്നെല്ലാം വ്യഭിചാരമാണ് ഏററവും വലിയ കുററങ്ങളിൽ ഒന്നായി മുഹമ്മദ് കണ്ടിരുന്നതെന്നും ആ കുററത്തുന് എറിഞ്ഞുകൊല്ലാൻ ശിക്ഷതന്നെയാണ് മുഹമ്മദ് നൽകിയിരുന്നതെന്നും വ്യക്തമാണ്. മുസ്ലീം രാഷ്ട്രങ്ങളെല്ലാം തന്നെ മുഹമ്മദ് നബിയുടെ അനുശാസനപ്രകാരം വ്യഭിചാരത്തിന് കൊല്ലൽ ശിക്ഷ നടപ്പാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. പക്ഷേ, വ്യഭിചാരത്തോട് നബിയും കൂട്ടരും അനുവർത്തിച്ചിരുന്ന നയം എന്താണ്? വ്യഭിചാരം നടത്തുന്നതിൽ യാതൊരു കൂസലുമില്ലാത്ത ഒരാളായിരുന്നു നബിയെന്ന് ഖുർ ആനിലേയും ഹദീസുകളിലേയും വിവരങ്ങളിൽ നിന്നു മനസ്സിലാക്കാം. ഒരേ സമയം ഒൻപതുഭാര്യമാർ നബിക്കുണ്ടായിരുന്നു അവരുമായെല്ലാം ലൈംഗിക ബന്ധത്തിലേർപ്പെടുകയും ചെയ്തിരുന്നു. എന്നിട്ടും മതിവരാത്ത അദ്ദേഹത്തോട് അല്ലാഹു പറയുന്നു:—

''അല്ലയോ പ്രവാചകരെ! താങ്കൾ മഹ്ർ നൽകിയതായ താങ്കളുടെ ഭാര്യമാരിൽ നിന്നും (അവിശ്വാസികളിൽനിന്നു യുദ്ധത്തിൽ പിടിക്കപ്പെട്ട സഫിയ്യ ജുവൈരിയ്യപോലുള്ള) അല്ലാഹു താങ്കൾക്ക് നൽകിയിട്ടുള്ള താങ്കളുടെ വലംകൈ ഉടമയാക്കിയവരെയും താങ്കളോടൊപ്പം ഹിജ്റ ചെയ്ത താങ്കളുടെ പിതൃസഹോദര പുത്രികളെയും താങ്കളുടെ മാതൃസഹോദര പുത്രികളെയും വിശ്വാസിനിയായ ഒരു സ്ത്രീ അവളെ നബിക്കു ദാനം ചെയ്യുകയും നബി അവളെ (മഹ്ർകൂടാതെ) വിവാഹം കഴിക്കുവാൻ ഉദ്ദേശിക്കുന്ന പക്ഷം അവളെയും താങ്കൾക്ക് നാം അനുവദിച്ചിരിക്കുന്നു''.

(തഫ്സീറുൽ ഖുർ ആൻ 33: 50)

ഇതിൽ പിതൃ സഹോദര പുത്രികളും നബിയുടെ ഭാര്യമാരായിരുന്നില്ല. എന്നിട്ടും അവരുമായി അദ്ദേഹം ലൈംഗികബന്ധം പുലർത്തിയിരുന്നു എന്നാണല്ലോ ഇവിടെ സൂചിപ്പിക്കുന്നത്. ''ശത്രുപക്ഷത്തുനിന്നും അല്ലാഹു നിനക്കു കൈവരുത്തിത്തന്നവഴിക്കു നിയന്ത്രണത്തിൻകീഴിൽ ജീവിക്കുന്ന സ്ത്രീകളെയും'' ഉപയോഗിക്കാനും അല്ലാഹു അദ്ദേഹത്തിന് അനുവാദം നൽകിയിരുന്നു. ആ അടിമസ്ത്രീകളുമായി ലൈംഗികബന്ധം പുലർത്തുന്നതിലും അദ്ദേഹം തെററു കണ്ടിരുന്നില്ല. ഒരിക്കൽ നബി ചെയ്ത കാര്യം ഖുർ ആനിൽ ഇങ്ങനെ രേഖപ്പെടുത്തുന്നു:—

''അല്ലയോ പ്രവാചകരേ ! അല്ലാഹു നിങ്ങൾക്കനുവദിച്ചതിനെ (താങ്കളുടെ വെള്ളാട്ടി മരിയ്യത്തുൽ ഖി

ബ്ത്തിയ്യയെ–ഹഫ്സയുടെ ഭവനത്തിൽ വെച്ച് ഹഫ്സ ഇല്ലാതിരുന്ന സമയത്തിൽ നബി അവരെ സംയോഗം ചെയ്തു. അവർ വന്നപ്പോൾ വെള്ളാട്ടി തൻെറ വീട്ടിലും വിരിപ്പിലുമുണ്ടായത് അവർക്കുവിഷമം തോന്നി. തുടർന്ന് എനിക്കവൾ ഹറാമാണെന്നു താങ്കൾ പറഞ്ഞപ്പോൾ) താങ്കളുടെ പത്നിമാരുടെ തൃപ്തിയെ കാംക്ഷിച്ച് താങ്കളെന്തിനാണ് നിഷിദ്ധമാക്കുന്നത് ?''

(തഫ്സീറുൽ ഖുർ ആൻ 66: 1)

ഭാര്യ സ്ഥലത്തില്ലാത്തപ്പോൾവെള്ളാട്ടിയെ ഭാര്യയുടെ കിടക്കയിൽ വെച്ച് സംയോഗം ചെയ്യുന്നതിലും നബി തെററു കണ്ടിരുന്നില്ല. ഇങ്ങനെ നിരവധിസ്ത്രീതളുമായി തോന്നിയതുപോലെയെല്ലാം ലൈംഗികബന്ധം നടത്തിയിരുന്ന നബിയാണ് വ്യഭിചാരത്തിന് എറിഞ്ഞു കൊല്ലൽ ശിക്ഷ വിധിച്ചതെന്ന് ഉള്ളത് അത്ഭുതകരമായിരിക്കുന്നു. ഈ ശിക്ഷനടപ്പാക്കാൻ നിയുക്തനായ ന്യായാധിപൻെറ അടുത്ത് ആരെങ്കിലും മുഹമ്മദ് നബിയെ പ്രതിയാക്കി നിറുത്തിയിരുന്നെങ്കിൽ അദ്ദേഹവും എറിഞ്ഞ്കൊല്ലൽ ശിക്ഷയ്ക്ക് വിധേയനാകുമായിരുന്നു. മുസ്ലീം രാജാക്കൻമാരും പ്രഭുക്കൻമാരും നടത്തുന്ന കുത്തഴിഞ്ഞ ലൈംഗിക ജീവിതത്തിൻെറ കഥകളും നമ്മൾ കേൾക്കാറുണ്ട്. അവർക്കും ഈ നിയമം ബാധകമല്ല. പാവപ്പെട്ടഏതെങ്കിലും പുരുഷനും സ്ത്രീയും സാഹചര്യങ്ങൾക്കടിമപ്പെട്ട് ലൈംഗികമായി ഒന്നുബന്ധപ്പെട്ടുപോയാൽ അവരെ ഏറിഞ്ഞു കൊല്ലുന്ന കാട്ടാള നീതി മനുഷ്യത്വത്തിനു ചേർന്നതാണോയെന്ന് മുസ്ലീങ്ങളായ സുഹൃത്തുക്കൾ തന്നെ സ്വന്ത മനഃസാക്ഷിയെ മുൻനിറുത്തി ചിന്തിച്ചു നോക്കേണ്ടതാണ്.

## മോഷണത്തിനുള്ള ശിക്ഷകൾ

വ്യഭിചാരത്തിനു മാത്രമല്ല മോഷണത്തിനുംവളരെ ക്രൂരമായശിക്ഷയാണ് ഇസ്ലാംമതം അനുശാസിക്കുന്നത്.

''മോഷ്ടിക്കുന്നവനും മോഷ്ടിക്കുന്നവളും പ്രവർത്തിച്ചതനുള്ള പ്രതിഫലമായും അവരെ പാഠം പഠിപ്പിക്കുന്നവിധം അല്ലാഹുവിങ്കൽ നിന്നുള്ള ശിക്ഷയായും അവർ രണ്ടുപേരുടേയും കൈകൾ നിങ്ങൾ മുറിച്ചുകളയുക''.

(ഖുർ ആൻ 5 : 38)

ഇതാണ് അല്ലാഹുവിൻെറ കൽപനയെന്നു പറഞ്ഞു നബി പ്രചരിപ്പിച്ചത്. പക്ഷേ, സ്വന്തം ചില വസ്തുക്കൾ മോഷ്ടിച്ചവരോട് അദ്ദേഹം പെരുമാറിയതെങ്ങനെയെന്ന് ഹദീസുകളിൽ കാണാം. മുഹമ്മദ് നബിയുടെ ഒട്ടകങ്ങളെ മോഷ്ടിച്ചു കൊണ്ടുപോയ ഉറൈ ഗോത്രത്തിലെ ആളുകളോട് പെരുമാറിയത് ഇങ്ങനെയാണ്:

''തിരുമേനി അവരെ പിടിക്കാൻ ആളെ അയച്ചു. സൂര്യൻ കുറെ പൊങ്ങിക്കഴിഞ്ഞപ്പോഴേക്ക് അവരെ കൊണ്ടുവന്നു. ഉടനെ അവരുടെ കയ്യും കാലും മുറിക്കാനും അവരുടെ കണ്ണു പൊട്ടിക്കാനും അവരെ ചുട്ടുപഴുത്ത കല്ലിൽ കിടത്താനും കൽപ്പിച്ചു. അന്നേരം അവർ വെള്ളത്തിന്നപേക്ഷിച്ചുകൊണ്ടിരുന്നു. പക്ഷേ, അവർ

(ശേഷം 30-ാം പേജിൽ)

# യുക്തിവാദം, സ്ത്രീകൾ, കുടുംബം

എം. വി. രാമമൂർത്തി
(ജനറൽ സെക്രട്ടറി, ഇന്ത്യൻ യുക്തിവാദിസംഘം)

ആന്ധ്രയിലെ ഒരു തികഞ്ഞ യാഥാസ്ഥിതിക ബ്രാഹ്മണ കുടുംബത്തിൽ ജനിച്ച ശ്രീ. രാമമൂർത്തി, മാതാപിതാക്കളുടെ ഇംഗിതത്തെ എതിർത്തുകൊണ്ട് ചെറുപ്പത്തിൽതന്നെ പൂണൂൽ പൊട്ടിച്ചുകളഞ്ഞു. സ്വാതന്ത്ര്യസമര സേനാനിയും സ്വതന്ത്രചിന്തകനുമായ രാമമൂർത്തിയുടെ പത്നിയും അദ്ദേഹത്തോടൊപ്പം യുക്തിവാദ രംഗത്തുണ്ട്. ആന്ധ്രാ യുക്തിവാദി സംഘത്തിന്റെ വൈസ് പ്രസിഡന്റാണ് മിസ്സിസ് രാമമൂർത്തി

—പത്രാധിപർ.



സ്ത്രീകളോട് നാം എങ്ങനെപെരുമാറണം? ലോകസംസ്കാരത്തിന്റേയും നാഗരികതകളുടേയും നിലവാരം പരിശോധിക്കുന്നതിനുള്ള ഒരു ഉരകല്ലായിട്ടാണ് ആധുനികലോകം, സ്ത്രീകളോട് അവയ്ക്കുള്ള സമീപനത്തെ കാണുന്നത്. ലോകത്തിലെ പകുതി ജനസംഖ്യ വരുന്ന ആ വിഭാഗത്തെ പല സംസ്കാരങ്ങളും നാഗരികതകളും മതങ്ങളും അടിച്ചമർത്തുകയും മർദ്ദിക്കുകയും അപമാനിക്കുകയും അടിമകളാക്കുകയും ചെയ്തു. ഇന്നു നിലവിലുള്ള പ്രധാന മതങ്ങൾ സ്ത്രീകളെപ്പറ്റി പറയുന്നതെന്താണെന്നു നോക്കുക. ബാല്യത്തിൽ അച്ഛന്റേയും യൌവ്വനത്തിൽ

ഭർത്താവിൻേറയും വാർദ്ധക്യത്തിൽ മകൻേറയും അനുസരണത്തിൽ ഒതുങ്ങിക്കഴിയേണ്ടവളാണ് സ്ത്രീയെന്നും അവരം ഒരിക്കലും സ്വാതന്ത്ര്യം അർഹിക്കുന്നില്ലെന്നും ഹിന്ദുമതം പഠിപ്പിക്കുന്നു. ഭർത്താവ് മരിക്കുമ്പോഠം ആ ചിതയിൽ ചാടി സതി അനുഷ്ഠിക്കുവാൻ ആ മതം പ്രേരണ നൽകി. യൌവ്വനയുക്തകളായ വിധവകഠംക്കുപോലും ഹിന്ദുമതം വിവാഹം നിഷേധിച്ചു. ക്രിസ്തുമതത്തിൻെറ സ്ഥിതി അൽപം ഭേദമാണെന്നു തോന്നാം. പക്ഷേ, ആധുനിക യൂറോപ്യൻ ചിന്താഗതിയാണ് ആ മതത്തിൻേറതായി നമ്മഠം തെററിദ്ധരിക്കുന്നത്. ക്രിസ്തുമതത്തിന് സ്ത്രീകളോടുള്ള മനോഭാവം പുതിയ നിയമ ബൈബിളിൽ വ്യക്തമായി കാണാം. സ്ത്രീകഠം സഭയിൽ അടങ്ങിയിരുന്നുകൊള്ളണമെന്നും തലമുണ്ടിട്ടുകൊണ്ടുമാത്രമേ അവരം സഭയിൽ ചെല്ലാവൂ എന്നും അവഠംക്ക് എന്തെങ്കിലും പഠിക്കണമെങ്കിൽ ഭർത്താവിൻനിന്നു പഠിച്ചുകൊള്ളണമെന്നുമാണ് അതിൽ പറയുന്നത്. പൌരോഹിത്യം, സഭ, ഭരണം തുടങ്ങിയ രംഗങ്ങളിൽ നിന്ന് ആ മതവും സ്ത്രീയെ ഒഴിവാക്കിനിറുത്തി. ഇസ്ലാം മതമാകട്ടെ, സ്ത്രീയെ മൂന്നാം തരക്കാരായി തരംതാഴ്ത്തി. പർദ്ദകൊണ്ടുമൂടി ജീവിക്കാനാണ് മുഹമ്മദ്നബി സ്ത്രീകളെ ഉപദേശിച്ചത്. ഒരു പുരുഷന് നാലു ഭാര്യമാരെയും നിരവധി വെപ്പാട്ടിമാരെയും ഒരേസമയത്ത് സ്വീകരിക്കാം. നേരേമറിച്ച് ഒരു സ്ത്രീയ്ക്ക് ഒരു ഭർത്താവേ ആകാവൂ എന്നാണ് നിയമം. ഒരു പുരുഷൻ സാക്ഷി പറയുന്ന സ്ഥാനത്ത് രണ്ടു സ്ത്രീകളുടെ സാക്ഷ്യത്തിക്കേ വിലയുള്ളൂ. അവിടെ പള്ളിയിൽ പോകാൻ പോലും സ്ത്രീകഠംക്ക് അനുവാദമില്ല. യൂദമതവും ഇക്കാര്യത്തിൽ ഒട്ടും പുരോഗമനപരമായ നിലപാടല്ല വെച്ചുപുലർത്തുന്നത്. സ്ത്രീകളോടുള്ള മതങ്ങളുടെ ഈ നിലപാട് ലോകപുരോഗതിയെ വളരെയേറെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

## യുക്തിവാദികളുടെ സമീപനം

മതങ്ങഠംക്ക് സ്ത്രീകളോടുള്ള ഈ മനോഭാവത്തെ യുക്തിവാദികഠം ഒരിക്കലും അംഗീകരിക്കുന്നില്ല. പുരുഷൻമാരെപ്പോലെ തുല്യമായ ചിന്താശക്തിയും ആരോഗ്യവും തുല്യമായ അവകാശങ്ങളുമുള്ള മനുഷ്യജീവികളാണ് സ്ത്രീകഠം എന്ന് യുക്തിവാദം അസന്നിഗ്ദ്ധമായി വെളിപ്പെടുത്തുന്നു. ലോകത്തിലെ പകുതിജനസംഖ്യവരുന്ന സ്ത്രീകളെ സ്വതന്ത്രരാക്കാതെ സ്വാതന്ത്ര്യം എന്ന വാക്കിന് അർ

---

നിങ്ങളുടെ സർവ്വവ്യാപിയായ ദൈവം എന്തുകൊണ്ടാണ് ഓരോ മനുഷ്യരേയും പാപവും കുററകൃത്യങ്ങളും ചെയ്യുന്നതിൽനിന്നും തടയാത്തത്?

—ഭഗത്സിംഗ്

---

ത്ഥമില്ലെന്നുതന്നെ യുക്തിവാദികൾ കരുതുന്നു.

ലോകത്തെങ്ങുമുള്ള സ്ത്രീകളുടെ വിമോചനത്തിനുവേണ്ടി ശ്രമിക്കുന്നതോടൊപ്പം സ്വന്തം കുംബത്തിലുള്ള സ്ത്രീകൾക്ക് സ്വാതന്ത്ര്യം നൽകി അവരെ പുരോഗമനത്തിൻെറ പാതയിലേക്ക് കൊണ്ടുവരാനുള്ള ചുമതലയും യുക്തിവാദികൾക്കുണ്ട്. ഭാര്യയെ അടുക്കളയിൽ അടിച്ചമർത്തി വെയ്ക്കുന്ന ഒരാൾ ഒരിക്കലും യുക്തിവാദി എന്ന പേരിന് അർഹനല്ല. എന്നുവെച്ച് യുക്തിവാദികളെല്ലാം ഭാര്യക്കടിമകളായിരിക്കണമെന്നുമില്ല. തുലുമായ വ്യക്തിത്വമുള്ള രണ്ടു വ്യക്തികളുടെ പരസ്പര സഹകരണത്തോടുകൂടിയ ജീവിതമായിരിക്കും ഒരു യുക്തിവാദിയുടെ ഭവനത്തിൽ കാണുന്നത്.

യുക്തിവാദികളായ ഭാര്യയും ഭർത്താവും തമ്മിൽ ഒരിക്കലും അഭിപ്രായ വ്യത്യാസമുണ്ടാവുകയില്ലഎന്ന് ഈ പറഞ്ഞതിനർത്ഥമില്ല. അഭിപ്രായ സ്വാതന്ത്ര്യവും ചിന്താസ്വാതന്ത്ര്യവുമുള്ള രണ്ടു വ്യക്തികളായതുകൊണ്ട് ചിലപ്പോൾ ചെറിയ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാം. പക്ഷേ, പരസ്പര ബഹുമാനത്തോടുകൂടി അവ ചർച്ച ചെയ്ത് തീരുമാനത്തിലെത്താൻ അവർക്കു കഴിയും.

## യുക്തിവാദികളും കുട്ടികളും

സ്ത്രീകളോടെന്നതുപോലെ തന്നെ കുട്ടികളോടുള്ള നമ്മുടെ സമീപനവും ശ്രദ്ധാർഹമാണ്. കുട്ടികളെ സ്വകാര്യസ്വത്തുക്കളെപ്പോലെയാണ് പലരും കരുതുന്നത്. അതു ശരിയല്ല. ഒരു കുട്ടി നമ്മുടെ കുടുംബത്തിൽ ജനിക്കുന്നു എന്നതുകൊണ്ട് മാത്രം അവരുടെ മനസ്സിനെ ചങ്ങലയ്ക്കിടുവാൻ നമുക്ക് അവകാശമില്ല. കുട്ടിയുടെ വ്യക്തിത്വം വളരാനും വികസിക്കാനും പററിയ സാഹചര്യം നമ്മൾ കുട്ടികൾക്കു നൽകണം. മതങ്ങളാകട്ടെ കുട്ടികളുടെ ബുദ്ധി വികസിക്കുന്നതിനുമുമ്പ് മതം അവരുടെ തലയിൽ അടിച്ചേല്പിക്കുന്നു. മതഗ്രന്ഥങ്ങളിലെ മുത്തശ്ശിക്കഥകൾ പരമ സത്യങ്ങളാണെന്നുപറഞ്ഞ് അവരെ പഠിപ്പിക്കുന്നു. ആ കുട്ടികൾക്ക് യാതൊരു താല്പര്യവും ഉത്തരവാദിത്വവുമില്ലെങ്കിലും മാതാപിതാക്കന്മാരുടെ മതവും ജാതിയും അവരുടെ തലയിൽ കെട്ടിവെയ്ക്കുന്നു. യുക്തിവാദികൾ കുട്ടികളോടുള്ള ഈ സമീപനം അംഗീകരിക്കുന്നില്ല. കഴിയുന്നത്ര സ്വതന്ത്രരായി വളരാനാണ് നാം അവരെ പഠിപ്പിക്കുന്നത്. മതം പഠിക്കാനും സ്വീകരിക്കാനും അത് നിരാകരിക്കാനും സ്വാതന്ത്ര്യമുള്ള മനസ്സോടുകൂടി അവർ വളരട്ടെ. പ്രായമാകുന്നതിനുമുമ്പ് ഒരു മതവും ജാതിയും അവരുടെ തലയിൽ കെട്ടിവയ്ക്കരുത്.

കുട്ടികളുടെ ശരീരത്തിനും മനസ്സിനും ആവശ്യമായ ആഹാരം കൊടുക്കേണ്ടത് നമ്മുടെ ചുമതലയാണ്. പക്ഷേ, അടിമകളാക്കാൻ നമുക്ക് സ്വാതന്ത്ര്യമില്ലെന്നോർക്കണം.

## മാതാപിതാക്കളും കുട്ടികളും

കുട്ടികളെ ഇങ്ങനെ അടിമകളാ

ക്കി വളർത്തുന്ന മാതാപിതാക്കൾ സമൂഹത്തോട് വലിയ ദ്രോഹമാണ് ചെയ്യുന്നത്. പ്രായമായാലും അമ്മയും അച്ഛനും പറയുന്നതു കേട്ടുനടക്കുന്ന പാവകളെ നമുക്ക് സമൂഹത്തിൽ ധാരാളമായി കാണാം. അവരിൽ പലർക്കും മാതാപിതാക്കളിൽനിന്ന് വ്യത്യസ്തമായ അഭിപ്രായങ്ങൾ കാണും. പക്ഷേ, അമ്മയുടേയും അച്ഛന്റേയും പ്രീതിക്കുവേണ്ടി അവർ അതു ബലികഴിക്കുന്നു. ഇതും ശരിയായ നിലപാടല്ല. അച്ഛനും അമ്മയും വളർന്ന ചുററുപാടുകളിലും സാഹചര്യങ്ങളിലുമല്ല നിങ്ങൾ വളർന്നത്. അവരെപ്പോലെയോ അതിൽകൂതുതലായോ പ്രശ്നങ്ങളെ മനസ്സിലാക്കാനും പ്രവർത്തിക്കാനും നിങ്ങൾക്കു കഴിയും. കാര്യങ്ങൾ മനസ്സിലാക്കാൻ കഴിവുള്ളവരും പിടിവാശിയില്ലാത്തവരുമാണ് അവരെങ്കിൽ ഏതു കാര്യവും നിങ്ങൾക്ക് അവരുമായി ചർച്ചചെയ്യാം. പക്ഷേ, നിങ്ങളുടെ ശരിയായ നിലപാട്, അച്ഛനമ്മമാരുടെ പിടിവാശിക്കു മുമ്പിൽ മാറേറണ്ട ആവശ്യമൊന്നുമില്ല. പുരോഗതിക്കുവേണ്ടി ശ്രമിക്കുമ്പോൾ അച്ഛനമ്മമാരെ ചിലപ്പോൾ നമുക്ക് എതിർക്കേണ്ടിവരും. ആശയ രംഗത്ത് ഇത്തരം എതിർപ്പുകൾ സർവ്വസാധാരണയാണ്. അച്ഛനമ്മമാരുടെ ന്യായവും മിതവുമായ കാര്യങ്ങൾ നോക്കുന്നതോടൊപ്പം അവരുടെ പിടിവാശിക്ക് വഴങ്ങാതിരിക്കേണ്ടതും പുരോഗതിക്ക് ആവശ്യമാണ്. ഒരു സംഭവം ഞാനിപ്പോഴുമോർക്കുന്നു. 1974-ൽ ജയപ്രകാശ് നാരായണൻ പട്നാ കോളേജിലെ വിദ്യാർത്ഥികളോട് പ്രസംഗിക്കുകയായിരുന്നു. യുവാക്കന്മാർ സ്ത്രീധനമില്ലാതെ വിവാഹം ചെയ്യാൻ തയ്യാറാകണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. അപ്പോൾ ഒരു യുവാവ് എണീററു പറഞ്ഞു, അയാളുടെ അച്ഛനുമമ്മയും അതിനു സമ്മതിക്കുകയില്ലെന്ന്. അത്തരം പിന്തിരിപ്പന്മാരായ മാതാപിതാക്കന്മാരെ എതിർത്തുകൊണ്ട് വിവാഹം ചെയ്യാനുള്ള തന്റേടം യുവാക്കന്മാർക്കുണ്ടാകണമെന്നായിരുന്നു ജയപ്രകാശിന്റെ മറുപടി. ശരിയായതെന്നു തനിക്കു തോന്നുന്നത് ചെയ്യാൻ ധൈര്യമുള്ള ഒരു തലമുറ ഉണ്ടാകേണ്ടിയിരിക്കുന്നു. മാതാപിതാക്കളായാലും ബന്ധുക്കളായാലും അദ്ധ്യാപകരായാലും തെററുപറഞ്ഞാൽ അതിനെ നിഷേധിക്കാൻ കഴിവുള്ള, ഭയാശങ്കകളില്ലാത്ത ഒരു യുവതലമുറ വളർന്നുവരണം. നിർഭയതയായിരിക്കണം നിങ്ങളുടെ മുദ്രാവാക്യം.

പ്രായമായവരെ അനുസരിക്കണമെന്നുപറയുന്നത് ഒരു പഴഞ്ചൻ ഉപദേശമാണ്. പ്രായമായവർ പറയുന്നതുകൊണ്ട് വിഡ്ഢിത്തരങ്ങൾ അതല്ലാതാവുകയില്ല. അവർ പറയുന്നത് ശ്രദ്ധിക്കാനും അതിൽ ശരിയുണ്ടോ എന്നു പരിശോധിക്കാനും നമുക്ക് സന്നദ്ധതയുണ്ടാകണം. ഒപ്പം അവർ പറയുന്ന തെററുകളെ ചൂണ്ടിക്കാണിക്കാനും ശരിയുടെ പാതയിലൂടെ മുന്നേറാനും ചങ്കൂററവും കാണിക്കണം. ○

# കാലൊടിഞ്ഞ കസേര

## സുഗതരാജ്

പഴയ പൊങ്ങച്ചവുമായി ശ്രീകൃഷ്ണൻ സൗധത്തിനുള്ളിൽനിന്നു പുറത്തേയ്ക്കു വന്നു. മേച്ചിൽപുറം തേടിയെത്തിയ ഞങ്ങളെ നോക്കി മോടിപ്പകിട്ടുകളോടെ ശ്രീകൃഷ്ണൻ മന്ദഹസിച്ചു ഞങ്ങളുടെ ഹൃദയത്തുടിപ്പുകളിൽ ഞങ്ങൾക്കു വേണ്ടി കണ്ണൻ കരുതിയ പരിമിതങ്ങളായ വാക്കുകൾ ഞങ്ങളിൽ പൊള്ളലേൽപ്പിച്ചു. ഞങ്ങളുടെ മനസ്സിൽ കുഷ്ഠരോഗാണുക്കളെ കടത്തിവിട്ടുകൊണ്ട് ശ്രീകൃഷ്ണൻ പറഞ്ഞു:-

''ഞാനും നിങ്ങളെപ്പോലെ..... അസഹിഷ്ണുവാണ്. അസംതൃപ്തനാണ്. നിഷേധിയാണ്. പ്രതിഷേധിയാണ്.'' കണ്ണനെ കല്ലെറിഞ്ഞു. കൂവി വിളിച്ചു. തെറി പറഞ്ഞു. തെമ്മാടീന്നു വിളിച്ചു. മുദ്രാവാക്യങ്ങൾ മുഴക്കി.

കൃഷ്ണൻ മൂർദാബാദ്.

കൃഷ്ണൻ മൂർദാബാദ്.

കണ്ണന്റെ കെട്ടുനാറിയ ഭരണം വേണ്ട വേണ്ട.

കണ്ണന്റെ കെട്ടുനാറിയ ഭരണം വേണ്ട വേണ്ട.

ഞങ്ങൾ പ്രതിഷേധിച്ചു, പ്രതിഷേധപ്രകടനങ്ങൾ നടത്തി ചുവപ്പുബാനറുകൾ ദ്വാരകയെ ചുവപ്പാക്കി.

അനുബന്ധം—

ശ്രീകൃഷ്ണൻ ഏതോ മനുഷ്യകഥാനുഗായിയായ കവിയുടെ കഥാപാത്രമായിരിക്കെ കഥാപാത്രത്തെ യഥാർത്ഥ ദൈവമായി മുദ്രകുത്താനറിയാവുന്ന ജനത കാലഘട്ടങ്ങളിലൂടെ ഇവിടെ വാഴവേ, മേലുദ്ധരിച്ച സംഭവത്തിനു പ്രസക്തിയുണ്ടെന്നുവരുന്നു. അതല്ല, ഒ. ചന്തുമേനോന്റെ ഇന്ദുലേഖയിലെ മാധവനെപ്പോലെ ഉറൂബിന്റെ 'സുന്ദരികളും സുന്ദരൻമാരും' എന്ന നോവലിലെ വിശ്വനാഥനെപ്പോലെ കാക്കനാടന്റെ ഉഷ്ണമേഖലയിലെ ശിവനെപ്പോലെ ശ്രീകൃഷ്ണൻ ഏതോ എഴുത്തുകാരന്റെ മുന്തിയ പ്രതിഭയുടെ മികച്ച സന്താനമാണെന്നു ധരിക്കുന്നവരെ സംബന്ധിച്ചിടത്തോളം മേൽപ്പറഞ്ഞ സംഭവം ഒരു നുണയായി സ്വീകരിക്കാവുന്നതേയുള്ളൂ. ശ്രീകൃഷ്ണൻ വാണരുളിയ കാലൊടിഞ്ഞകസേര കുറെ അക്ഷരക്കൂട്ടങ്ങളിൽ അർത്ഥവ്യാപ്തിയുൾക്കൊള്ളുന്നു. കാലൊടിയാത്ത കസേരയിൽ കൃഷ്ണനെ കുടിയിരുത്താനും കവിഭാവനയിൽനിന്നും കൃഷ്ണനെന്ന കഥാപാത്രത്തെ ചീന്തിയെടുത്ത് മനസ്സിലിട്ടുരുക്കി കൊണ്ടുനടക്കാനും അടുക്കളപ്പെണ്ണുങ്ങൾ ശ്രമിക്കുന്നതിന്നപ്പുറം പുരാണപുരുഷൻമാർക്കു കരുത്തുണ്ടോ? ○


# എന്റെ ജീവിതാനുഭവങ്ങൾ

## സോളി ഇടമറുക്

യുക്തിവാദ പ്രസ്ഥാനവുമായി ഏതാണ്ട് മുപ്പതോളം വർഷത്തെ പരിചയവും ബന്ധവുമുണ്ടെനിക്ക്. എന്നിലെ സ്ത്രീ ഭാര്യയും, അമ്മയും, ഉത്തരവാദിത്വമുള്ള ഒരു കടുംബിനിയുമായി വളർന്നുകൊണ്ടിരുന്നപ്പോഴും യുക്തിവാദം ഒരു പ്രധാന വിഷയമായെടുത്തുകൊണ്ട് ഞാൻ പരിശീലിക്കുകയും പഠിക്കുകയും ചെയ്തുകൊണ്ടിരുന്നു. ആഹാർകാര്യത്തിൽ, വസ്ത്രധാരണത്തിൽ, സുഹൃത്തുക്കളെ സമ്പാദിക്കുന്നതിൽ, മക്കളെ വളർത്തുന്നതിൽ—എന്നു വേണ്ട എന്റെ ജീവിതത്തിലെ എല്ലാം ചര്യകളിലും യുക്തിവാദപരമായ സമീപനമാണ് ഞാൻ സ്വീകരിച്ചിരുന്നത്. അതുകൊണ്ടുതന്നെ പ്രതിബന്ധങ്ങളെ നേരിടാനുള്ള മനക്കരുത്തും നിർഭയത്വവും എനിക്കുണ്ടായി. പ്രയാസങ്ങൾ നേരിടേണ്ടിവന്നപ്പോഴൊക്കെ അനായാസമായി അതു തരണംചെയ്യാൻ എനിക്ക് കഴിഞ്ഞതും അതുകൊണ്ടു തന്നെയാണ്, ചെലവുകൾ വരുമാനത്തിൽ ഒതുക്കിക്കൊണ്ട് ജീവിക്കുമ്പോൾ അവിടെ സമൃദ്ധി കണ്ടെത്താൻ കഴിഞ്ഞതും ഞാൻ യുക്തിവാദിയായതുകൊണ്ടുതന്നെ. മക്കളെ യുക്തിവാദപരമായ ശിക്ഷണത്തിൽ വളർത്തിയതുകൊണ്ടവർ അഭ്യസ്തവിദ്യരും അരോഗദൃഢഗാത്രരുമായി എന്നും അഭിമാനത്തോടെ പറയാൻ ഒരമ്മയെന്ന നിലയിൽ എനിക്കു കഴിയും. യുക്തിവാദികളായ സ്ത്രീകളുടെ ശ്രദ്ധക്ഷണിച്ചുകൊണ്ട് കഴിഞ്ഞലക്കം രണരേഖയിൽകൊടുത്ത ഒരറിയിപ്പാണ് ഈ കുറിപ്പെഴുതാൻ എന്നെ പ്രേരിപ്പിച്ചത്. വായനക്കാർക്കു താല്പര്യമുണ്ടെങ്കിൽ ഒരു യുക്തിവാദിയും നിരീശ്വരവാദിയുമായ സ്ത്രീയെന്ന നിലയിൽ സമൂഹത്തിൽനിന്നും എനിക്കുണ്ടായിട്ടുള്ള അനുഭവങ്ങളും അവയെ ഞാൻ നേരിട്ട വിധവുമൊക്കെ ഓരോ കൊച്ചുകൊച്ചു ലേഖനങ്ങളിലായി ഞാനെഴുതാം. വിനോദം നൽകുന്നതും, വിജ്ഞാനപ്രദവും, ഞെട്ടിപ്പിക്കുന്നതുമായ ഒട്ടേറെ ജീവിതാനുഭവങ്ങൾ മുപ്പതോളം വർഷത്തെ യുക്തിവാദ ജീവിതത്തിൽ എനിക്കുണ്ടായിട്ടുണ്ട്.

ഇപ്പോൾ ഇരുപത്തിയേഴുവയസുള്ള എന്റെ മകൻ—ഡെൽഹി യുക്തിവാദിസംഘത്തിന്റെ ജനറൽസെക്രട്ടറിയും ഇൻഡ്യൻ റാഷനലിസ്റ്റ് അസോസിയേഷന്റെ ജോയിന്റ് സെക്രട്ടറിയും, ലോകനാസ്തികസംഘത്തിന്റെ ട്രഷാറും, അതിലുപരി ഡെൽഹിയിൽ നിന്നു പ്രസിദ്ധീകരിക്കുന്ന എതീസ്റ്റ് പബ്ലിക്കേഷന്റെ പ്രൊപ്രൈറ്ററുമാണ്. യുക്തിവാദിസംഘത്തിനു ഞാൻ സംഭാവനചെയ്ത എന്റെ ആദ്യത്തെ കൺമണി—സനൽ ഇടമറുക്.

മകൾ ഗീത—മകനേക്കാൾ ഒരു പടിപോലും താഴെ നിൽക്കാനിഷ്ടമില്ലാത്ത അവൾ, ഒരു ഇൻറർനാഷനൽ വിവാഹംകൊണ്ട് ലോകയുക്തിവാദ പ്രസ്ഥാനത്തിലേക്കുയർന്നു. കഴിഞ്ഞവർഷം ഫിൻലൻഡിൽവെച്ചു നടന്ന യുക്തിവാദസമ്മേളനത്തിൽ അവളുടെ ഭർത്താവിന്റെ നാടായ സ്വീഡനെയും മാതൃരാജ്യമായ ഇൻഡ്യയെയും പ്രതിനിധീകരിച്ചുകൊണ്ട് അവളവിടെചെയ്ത പ്രസംഗം ഫിൻലൻഡ് പ്രസിദ്ധീകരണങ്ങളിൽ വായിക്കുകയും ടേപ്പുറിക്കാർഡറിൽക്കൂടി



ശ്രീ. സോളി ഇടമറുക്, പ്രൊഫ. എ. ടി. കോവൂർ, ഇടമറുക്

ശ്രവിക്കുകയും ചെയ്തപ്പോൾ ഞാനവർക്ക് നൽകിയ ശിക്ഷണം എൻെറ മനസ്സിനു സംതൃപ്തിയേകി. പെൺകുട്ടികൾ രണ്ടാംതരം പൗരൻമാരായി തരംതാഴുന്നത് അവർക്കു കൊടുക്കുന്ന ശിക്ഷണത്തിൻെറ സവിശേഷതകൊണ്ടാണെന്നുള്ളതിന് ഗീത ഒരുദാഹരണമാണ്. ഞാനെൻെറ രണ്ടുമക്കളെയും ആണും പെണ്ണും എന്ന വ്യത്യാസം കൂടാതെ കണ്ണിലെ കൃഷ്ണമണികൾപോലെ തുല്യരായി വളർത്തിയതിൻെറ നേട്ടം. ഒരമ്മയെന്ന നിലയിൽ ധന്യയാണ് ഞാൻ.

ആയിരത്തിതൊള്ളായിരത്തിഅൻപതുകളുടെ ആരംഭത്തിൽ ഒരു മുഴുവൻ സമയ യുക്തിവാദപ്രവർത്തകനെ എൻെറ ഇണയായി ഞാൻ സ്വയം കണ്ടെത്തുകയായിരുന്നു, ഒരു ഹിന്ദുകുടുംബത്തിൽ ജനിച്ചു വളർന്ന ഞാനും ക്രിസ്ത്യൻകുടുംബത്തിൽ പിറന്ന ജോസഫ് ഇടമറുകും. ഞങ്ങളൊരുമിച്ച് ജീവിതമാരംഭിച്ചത് വെറും കയ്യോടെയാണ്. ഒരുനേരത്തെ ആഹാരത്തിനു വകയോ, തലചായ്ക്കാൻ ഒരിടമോ ഞങ്ങൾക്കന്നുണ്ടായിരുന്നില്ല. ദൈവദോഷം പറയുന്നു എന്ന കാരണത്താൽ സമുദായത്തിൽനിന്നും, സമുദായത്തിൻെറ പ്രേരണയിൽ വീട്ടിൽനിന്നും ബഹിഷ്കൃതനായ ആ പത്തൊൻപതുകാരൻെറ ജീവിതത്തിനും പ്രവർത്തികൾക്കും താങ്ങും തണലുമായിരിക്കുക എന്നതു മാത്രമായിരുന്നു അന്നത്തെ എൻെറ ഉദ്ദേശം. വേണ്ടത്ര ആരോഗ്യമോ, പണമോ, എന്തെങ്കിലും പണിയോ, പണികിട്ടുമെന്ന പ്രതീക്ഷയോ ഇല്ലാത്ത-ആദർശംമാത്രം കൈമുതലായിട്ടുള്ള ഒരാളിൽനിന്നും മറെറന്തെങ്കിലും പ്രതീക്ഷിക്കാനവകാശമില്ലല്ലൊ.

ഞങ്ങളൊരുമിച്ചുള്ള ഇരുപത്തിയെട്ടുവർഷത്തെ ജീവിതസമരങ്ങൾക്കിടയിൽ വർണ്ണനാതീതമായ അനുഭവസമ്പത്ത് എനിക്ക് സമ്പാദ്യമായുണ്ട്. അതൊരു നീണ്ടനിരയാണ്. പക്ഷെ പറയട്ടെ? ഇന്നോളവും എനിക്കതിൽ മടുപ്പനുഭവപ്പെട്ടിട്ടില്ല. എപ്പോഴും യുദ്ധരംഗത്താണെന്ന തോന്നൽ കൂടുതൽ കൂടതൽ കരുത്താർജ്ജിക്കാനുള്ള ആന്തരികപ്രേരണനൽകുന്നു. പയററിത്തെളിഞ്ഞാൽ പിന്നെ പരാജയഭീതിക്കും അവകാശമില്ലല്ലൊ. ലക്ഷ്യമുള്ളവർക്ക് യാത്രയിലുള്ള പ്രതിബന്ധം പ്രശ്നമേയല്ല. ധൈര്യവും നിശ്ചയധാർഢ്യവും മാത്രമായിരുന്നു ജീവിതത്തിലേക്കിറങ്ങുമ്പോൾ എനിക്കാകെയുണ്ടായിരുന്ന കൈമുതൽ. എൻെറ വഴി ഞാൻ തന്നെ വെട്ടിത്തെളിക്കുന്നു. ഞാനാവഴിയെ മാത്രം നടക്കാൻ ഇഷ്ടപ്പെടുകയുംചെയ്യുന്നു എൻെറ സുഹൃത്തുക്കളെയും സഹപ്രവർത്തകരെയും സമീപിക്കുമ്പോൾ അവരിലെ എനിക്കാവശ്യമെന്നു തോന്നുന്ന നല്ലവശങ്ങൾ പഠിക്കാനും അനുകരിക്കാനും എനിക്കു മടിയില്ല. പുസ്തകങ്ങളും പൊതുയോഗങ്ങളും എൻെറ ജീവിതത്തിലെ വഴികാട്ടികളാണ്. വായിക്കുകയും പഠിക്കുകയും പൊതുയോഗങ്ങളിൽ പങ്കെടുക്കുന്ന മഹാത്മാക്കളുടെ വായിൽനിന്നും വീഴുന്ന മഹത്വചനങ്ങളും എൻെറ വഴിത്താര സംപുഷ്ട

മാക്കി. എൻെറ വ്യക്തി ജീവിതത്തിനും കുടുംബത്തിനും കുട്ടികൾക്കും ഞാൻ നൽകിയിട്ടുള്ള സംഭാവനകളത്രയും മേൽ വിവരിച്ചിടത്തുനിന്നൊക്കെ ഞാൻ ശേഖരിച്ചുകൂട്ടിയവയാണ്. ഞാനിടപെടുന്നവരുടെ ഒരു നല്ല സുഹൃത്തായിരിക്കാൻ എനിക്കു സാധിക്കുന്നുണ്ടെങ്കിൽ അതും മറെറാന്നുകൊണ്ടുമല്ല.

ആശയത്തിൻെറ പൊരുത്തക്കേടുകൊണ്ടും അസൂയകൊണ്ടും ഞങ്ങൾക്കുനേരെ എതിർപ്പുകൾ എന്നുമുണ്ടായിട്ടുണ്ട്. ഒരു പക്ഷെ, അത്തരം എതിർപ്പുകളല്ലേ, ഞങ്ങളെ ഇത്രയും വളർത്തിയത്. എതിർക്കുമ്പോൾ നേരിടാനുള്ള ശക്തി താനേ ഉണ്ടാകുമല്ലോ? തുടരെത്തുടരെ എതിർപ്പുണ്ടായിരുന്നതുകൊണ്ട് അതിനെ നേരിടാനായി ഞങ്ങൾക്ക് കൂടുതൽകൂടുതൽ കരുത്താർജ്ജിക്കേണ്ടിയിരുന്നു. അണികളിൽ നിന്നുണ്ടായിട്ടുള്ള ആഘാതങ്ങൾ ശത്രുക്കളുടെ ആക്രമണങ്ങളേക്കാൾ എത്രയോ ശക്തമായിരുന്നു അത്തരം സന്ദർഭങ്ങളിലൊക്കെ ഒരു ഭാര്യയെന്നതിലുപരി നല്ലൊരു സഹപ്രവർത്തക എന്ന നിലയിൽ ഒപ്പംനിന്നുകൊണ്ട് ഞാനദ്ദേഹത്തിൻെറ പ്രവർത്തനങ്ങൾക്കു ആക്കം കൂട്ടിയിട്ടുണ്ട്. എനിക്കു സംതൃപ്തിനൽകുന്ന സുഖമുള്ള സ്മരണകളാണതൊക്കെ.

ഈയിടെ എൻെറ മകൾ ഇൻഡ്യയുടെയും സ്വീഡൻെറയും കുഞ്ഞിനെ സ്വീഡൻെറ തലസ്ഥാനമായ സ്റേറാക്ക്ഹോമിലെ ഏററവും നല്ല ഹോസ്പ്പിററലിൽ പ്രസവിച്ചപ്പോഴും ഇതിനുമുൻപ് എൻെറ മകൻെറ ഭാര്യ ഗർഭിണിയാണെന്നറിഞ്ഞപ്പോൾ ഇൻഡ്യയിലെ ഏററവും നല്ല ഒരു ഗൈനക്കോളജിസ്ററിനെക്കൊണ്ടു പരിശോധിച്ചപ്പോഴും ഞാനെൻെറ ഗർഭകാലത്തെപ്പററിയും കൗതുകത്തോടെ ഓർത്തു.

ഞാനെൻെറ മകനെ പ്രസവമടുത്തസമയം. പ്രസവവേദന ആരംഭിക്കുമ്പോൾ ഞാനെൻെറ ഭർത്താവിൻെറ വീട്ടിലായിരുന്നു. മതത്തെയും മതാചാരങ്ങളെയും എതിർക്കുന്നു എന്ന കാരണത്തിന് പള്ളിയിൽ മഹറോൻ ചെയ്ത മകൻെറ ഭാര്യ ആ വീട്ടിൽ പ്രസവിച്ചുകൂടാ എന്ന വാദഗതിമൂത്തപ്പോൾ ആ രാത്രിയിൽ ഞങ്ങളാവീട്ടിൽ നിന്നിറങ്ങേണ്ടിവന്നു. കടിഞ്ഞൂൽ പ്രസവത്തിൻെറ അതിവേദനയുമായി ഇരുന്നും, നടന്നും, വഴിയിൽ തളർന്നുവീണും, വീണ്ടും എഴുന്നേററു നടന്നും—അങ്ങനെ ആ മഴയുള്ള രാത്രിയിലെ യാത്രയുടെ ഓർമ്മ എൻെറ മനസ്സിൽ പൂത്തുകിളുത്ത് പന്തലിച്ചു നിൽക്കുന്നു. ഞാനെൻെറ മകനെ പ്രസവിക്കാൻ ഒരിടത്തിനുവേണ്ടി ഒത്തിരി അലഞ്ഞുനടന്നു. അവസാനം മതത്തിൻെറയോ മതക്കാരുടേയോ, ദൈവങ്ങളുടേയോ ഒന്നും സഹായമില്ലാതെ അവൻ വെളിയിൽവന്നു. അവർക്കൊന്നും അടിമ കൊടുക്കാതെ അവനെ വളർത്തും എന്ന പ്രതിജ്ഞ നിറവേററാനും എനിക്കു കഴിഞ്ഞു. രണ്ടു മക്കളെ പ്രസവിച്ച ഞാൻ. ഗർഭകാലത്തും, പ്രസവസമയത്തും, പ്രസവാനന്തരവും ഏതെങ്കിലും ഡോക്ടറുടെ സഹായമോ, നിർദ്ദേശമോ പ്രത്യേകിച്ചെന്തെങ്കിലും ശു

ശ്രൂഷയോ, പരിചരണമോ ഒന്നും എനിക്കു ലഭിച്ചിട്ടില്ല സാമ്പത്തിക പരാധീനതകൾ അലട്ടുമ്പോൾ പരസ്പരം നോക്കിയിരുന്നു നിസ്സാഹയത പ്രകടിപ്പിക്കുവാൻ മാത്രം കഴിയുമായിരുന്ന ഞങ്ങൾക്ക് ഇടമറുകിൻെറ സാഹിത്യസൃഷ്ടികളിൽനിന്നു കിട്ടിക്കൊണ്ടിരുന്ന ചെറിയ വരുമാനം മാത്രമായിരുന്നു അന്നുണ്ടായിരുന്നത്. മാസം പത്തോ പതിനഞ്ചോ രൂപാ. പലപ്പോഴും ഞാനെൻെറ മകന് മുലപ്പാലുട്ടുമ്പോൾ തല കറങ്ങിയിട്ടുള്ള തോർക്കുന്നു. അപ്പോഴും എനിക്കുണ്ടായിരുന്ന വീറും വാശിയും വലുതാണ്. വിശ്വസിക്കാൻ കഴിയാത്ത ആശയത്തിനു വഴങ്ങി വീട്ടുകാരുടെ ഓഹരിപററാൻ തയ്യാറല്ല എന്ന തീരുമാനത്തിൽ ഉറച്ചുനിന്നു.

എൻെറ രണ്ടാമത്തെ കുട്ടിയുടെ പ്രസവവും ആദ്യത്തേതിനേക്കാൾ വിശേഷമത്രേ. ഭർത്താവ് സൂതികർമ്മിണിയെ വിളിക്കാൻ പോയപ്പോൾ—രണ്ടു വയസുതികയാത്ത മകൻ തൊട്ടടുത്ത് ഉറക്കെ നിലവിളിച്ചുകൊണ്ടിരുന്നപ്പോൾ - വെറും നിലത്ത് തഴപ്പായിൽ മറെറാരുത്തരുടേയും സഹായംകൂടാതെ ഞാനെൻെറ മോളെ പ്രസവിച്ചു. അനുജത്തിയുടെ കരച്ചിൽകേട്ട് അന്തംവിട്ട് സ്വയം കരച്ചിൽ നിറുത്തി തുറിച്ചുനോക്കിക്കൊണ്ടിരുന്ന മോൻ! പിറവിക്കു പിന്നിലെ അസഹ്യമായ വേദനയ്ക്കുശേഷം തളർച്ചകൊണ്ട് താനേ കൂമ്പിപ്പോയ എൻെറ കണ്ണുകൾ മകനിൽ തടഞ്ഞപ്പോൾ എൻെറ എല്ലാ വേദനയും ക്ഷീണവും മറന്ന ആ നിമിഷം! അരമണിക്കൂറിനുശേഷ അവൻെറ അച്ഛൻ വരുവോളം അന്നു ഞാനനുഭവിച്ച മാനസികാവസ്ഥ വിവരിക്കുവാൻ വാക്കുകൾ പോരാ.

യുക്തിവാദ-മിശ്രവിവാഹ സംഘടനകളുടേയും അതുപോലുള്ള എല്ലാ പുരോഗമന സംഘടനകളുടെ യും യോ ഗ ങ്ങ ളി ൽ എൻെറ മക്കളെയും തൂക്കിയെടുത്തു കൊണ്ട് ഞാനും പങ്കെടുക്കുമായിരുന്നു. കൊച്ചിലേ മുതൽ ഈ പ്രസ്ഥാനത്തിൻെറ ഈററില്ലത്തിൽ കിടന്നുവളർന്ന എൻെറ മക്കൾ. അന്ധവിശ്വാസങ്ങൾക്കടിമപ്പെടുത്താതെ മക്കളെ വളർത്തുന്ന അമ്മമാരെ അവാർഡുനൽകി അഭിനന്ദിക്കണമെന്ന് വി. ടി. യും കുററിപ്പുഴയുമൊക്കെ അന്നത്തെ യോഗങ്ങളിൽ പറയുമായിരുന്നു. ആ രംഗത്ത് എന്നോടൊപ്പവും എനിക്കു മുതിർന്നതുമായ തലമുറയിൽപെട്ടവരുടെ വീടുകളിൽ ഞാനെൻെറ കുഞ്ഞുങ്ങളെയും കൂട്ടിക്കൊണ്ടുപോകുമായിരുന്നു. പുതിയ ആശയത്തിൻെറ വ്യക്താക്കളായ പുതിയ തലമുറയെ ഒരുമിച്ച് ഒരണിയായി സഹകരിപ്പിച്ചുകൊണ്ടുപോകാൻ കഴിഞ്ഞാൽ അതൊരു വലിയ നേട്ടമാണെന്ന് എനിക്കഭിപ്രായമുണ്ടായിരുന്നു. പക്ഷേ, അന്നു ഞാൻ പോയിട്ടുള്ള യുക്തിവാദിസംഘം നേതാക്കളുടെ പല വീടുകളിലും നിലവിളക്കു കൊളുത്തലും, നാമം ജപവും, മുട്ടിൻമേൽനിന്നു കുരിശുവരച്ചു പ്രാർത്ഥനയും ഞാൻ കണ്ടിട്ടുണ്ട്. വീട്ടിലൊരു മുഖവും വെളിയിൽ മറെറാരു മുഖവുമുള്ള ഇത്തരം പുരോഗമന പ്രവർത്തകർ

# മതപഠനം

## പി. കേശവദേവ്

പ്രശസ്ത നോവലിസ്റ്റും കഥാകൃത്തും യുക്തിവാദിയുമായ പി. കേശവദേവ് 1932–ൽ എഴുതിയ ഒരു ഏകാംഗപ്രഹസനം

(ഒരു ക്ലാസുമുറി. കുട്ടികൾ ബഹളമുണ്ടാക്കുന്നു. അദ്ധ്യാപകൻ പ്രവേശിക്കുന്നു. കുട്ടികളെല്ലാവരും നിശ്ശബ്ദരായി എഴുന്നേററു നില്ക്കുന്നു. അദ്ധ്യാപകനെ വന്ദിക്കുന്നു. അദ്ധ്യാപകൻ കസേരയിൽ ഇരുന്നിട്ട് സിററ് എന്നു വിദ്യാർത്ഥികൾക്ക് ഇരിക്കാൻ ആജ്ഞ നൽകുന്നു )

അദ്ധ്യാപകൻ (സഗൗരവം) ക്ലാസിൽ ബഹളമുണ്ടാക്കിയതാരെല്ലാമാണ്? (ആരും മിണ്ടുന്നില്ല). ബഹളമുണ്ടാക്കിയവരെല്ലാം എഴുന്നേററു നിൽക്കട്ടെ! (ആരും എഴുന്നേൽക്കുന്നില്ല). ശേഖരൻ ബഹളമുണ്ടാക്കിയോ?.

ശേഖരൻ (അശ്രദ്ധയോടെ ഇല്ല.

അദ്ധ്യാപകൻ-- (ജോർജ്ജിനോട്) താനല്ലേ ബഹളമുണ്ടാക്കിയത്?

ജോർജ്ജ് ഗൗരവത്തോടെ) ഞാൻ ബഹളമുണ്ടാക്കിയില്ല.

അദ്ധ്യ- (ഗോപാലനോട്) താൻ ക്ലാസിൽഒച്ചയുണ്ടാക്കിയതെന്തിനാ?

ഗോ- (മന്ദഹാസത്തോടെ) ഇല്ലാ

---

ക്ക് എന്തുചെയ്യാൻ കഴിയും എന്നോർത്ത് ഞങ്ങളതേപ്പററിയന്ന് കൂട്ടായിരുന്നു ചർച്ചചെയ്തിട്ടുമുണ്ട്. വല്ലപ്പോഴുമൊക്കെ മാതാപിതാക്കളുടെ കൈപിടിച്ച് യുക്തിവാദ സമ്മേളനങ്ങളിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ള കുട്ടികളുടെ മുഖം ഇന്നും എൻെറ മനസ്സിലുണ്ട്. അവരൊക്കെ ഇപ്പോൾ വളർന്നു വലുതായിരിക്കണം. അവരൊക്കെ എവിടെ ഇന്ന്? അവരുടെ അമ്മമാരൊക്കെ എവിടെ? കേരളത്തിലെ യുക്തിവാദസമ്മേളനങ്ങളിൽ വളരെ ആവേശത്തോടെ വരുമ്പോൾ പഴയ നരച്ചതലകളല്ലാതെ അവരുടെ മക്കളെയൊന്നും കാണുന്നില്ല. ധാരാളം യുവാക്കൾ ആവേശത്തോടെ വന്നു കൊണ്ടിരിക്കുന്ന യുക്തിവാദ-മിശ്രവിവാഹപ്രസ്ഥാനങ്ങളിൽ പഴയ പ്രവർത്തകരുടെ ഒരൊററ മക്കളേയും കാണാൻ കഴിയുന്നില്ല എന്നത് ഖേദകരമാണ്. □

സാർ ഞാൻ മിണ്ടിയില്ല.

അദ്ധ്യാ- (സൈനുദീനോട്) താൻ ക്ലാസിൽ തുള്ളിച്ചാടിയില്ലേ?

സൈനുദീൽ- (ഗൗരവത്തിൽ) ഞാൻ അനങ്ങിയില്ല.

അദ്ധ്യാ- (ഭാസ്ക്കരനോട്) താൻ ക്ലാസിൽ വിളി കാട്ടിയില്ലേടോ?

ഭാസ്ക്കരൻ- (എഴുന്നേററ് ഒരടി മുന്നോട്ടു വച്ചിട്ട് ഉറക്കെ) ഇല്ലാ സാർ; ഞാൻ മിണ്ടാതെ ഇവിടെ ഇരിക്കുകയായിരുന്നു സാർ.

അദ്ധ്യാ- (കോപത്തോടുകൂടി) 'എല്ലാവരും അഞ്ചു മിനിട്ട് എഴുന്നേററു നിൽക്കുവിൻ'! (എല്ലാവരും എഴുന്നേൽക്കുന്നു അദ്ധ്യാപകൻ നോട്ട്ബുക്കിൽ എഴുതുന്നു.)

ശേഖരൻ (അടുത്തുനിൽക്കുന്ന ജോർജ ജിനോടു പതുക്കെ) ജോർജ്ജേ! ഈ സാറൊരു മണ്ടനാണ്. ക്ലാസിൽ ബഹളമുണ്ടാക്കിയോ എന്ന് നമ്മളോരോരുത്തരോടും ചോദിച്ചാൽ സമ്മതിക്കുമെന്ന് സാറു വിചാരിച്ചില്ലേ?

ജോർജ്ജ്- (ശേഖരൻെറതോളിൽ കൈ ഇട്ടുകൊണ്ട്) അതിലും വലിയ മണ്ടത്തരമല്ലേ നമ്മെ എഴുന്നേററു നിൽക്കാൻ ആജ്ഞാപിച്ചത്? ഇന്നു നാമെല്ലാം 5 മിനിട്ട് എഴുന്നേററു നിന്നാൽ, പിന്നെ ബഹളമുണ്ടാക്കുകയില്ലെന്ന് വിചാരിച്ചതാണ് ഹിമാലയ മണ്ടത്തം.

അദ്ധ്യാ- (തല ഉയർത്തി കോപത്തോടെ) ആരാണവിടെ സംസാരിക്കുന്നത്? ശബ്ദമുണ്ടാക്കാതെ നിന്നില്ലെങ്കിൽ ഇന്നു മുഴുവൻ നിൽക്കേണ്ടിവരും. (എല്ലാവരും നിശബ്ദരാകുന്നു. അദ്ധ്യാപകൻ പിന്നെയും എഴുതുന്നു.)

ഭാസ്കരൻ-സാർ, അഞ്ചു മിനിട്ടായി സാർ.

(അദ്ധ്യാപകൻ കോപത്തോടെ ചാടി എഴുന്നേററുകൊണ്ട്) താൻ പുറത്തു പോകൂ.

ഭാസ്കരൻ- (അൽഭുതം നടിച്ചുകൊണ്ട്) അതെന്തിനാ സാർ. അതാ, മണി നോക്കൂ അഞ്ചു മിനിട്ടായി സാർ.

അദ്ധ്യാ-പൂർവ്വാധികം കോപത്തോടെ) തന്നോടു ചോദിച്ചില്ലല്ലോ. പുറത്തു പോകാനല്ലേ പറഞ്ഞത്. (ഭാസ്ക്കരൻ തല കുനിച്ചുകൊണ്ട് സാവധാനം പുറത്തിറങ്ങി നിൽക്കുന്നു.)

ജോർജ്ജ്- (പതുക്കെ) ഇതെന്തൊരു ശിക്ഷ. കളവു പറഞ്ഞാലും സത്യം പറഞ്ഞാലും പറയാതിരുന്നാലും കുററം.

ശേ-ജോർജ്ജ! ഇവരൊക്കെ പഠിപ്പിക്കാനല്ല വരുന്നത്. വയററുപ്പിഴപ്പിനും ഭരിക്കാനുമാണ്.

അദ്ധ്യാ-എല്ലാവരും ഇരിക്കുവിൻ. (കുട്ടികൾ ഇരിക്കുന്നു) ഇന്നത്തെ പാഠം (പുസ്തകം നിർത്തിക്കൊണ്ട്) നിങ്ങളെല്ലാം വായിച്ചിട്ടില്ലേ?

കുട്ടികൾ- സാർ, സാർ, വായിച്ചു സാർ.

അദ്ധ്യാ- (ഒരു വിദ്യാർത്ഥിയോട്) ശ്രീരാമൻ ആരുടെ മകനാണ്?

വിദ്യാ—(എഴുന്നേററ് അററൻഷനായിട്ട്) വിഷ്ണുവിൻെറ

അദ്ധ്യാ-(മറെറാരു വിദ്യാർത്ഥിയോട്) വിഷ്ണു ആരാണ്?

വി-ദൈവമാണു സാർ

വേറൊരു വിദ്യാർഥി-സാർ, ശിവൻ ദൈവമല്ലേ സാർ.

അദ്ധ്യാ-അതേ.

മററൊരു കുട്ടി-ചാത്തനും ചാമുണ്ഡിയുമൊക്കെ ദൈവങ്ങളല്ലേ സാർ;

അദ്ധ്യാ-അതേടാ അവിടെ ഇരിക്കൂ.

വേറൊരു കുട്ടി-സാർ, യഹോവാ ദൈവമല്ലേ?

അദ്ധ്യ-അത് ക്രിസ്ത്യാനികളുടെ ദൈവം.

മററൊരു വിദ്യാ-അള്ളാ ദൈവമാണോ സാർ?

അദ്ധ്യാ-അള്ളാ, മഹമ്മദീയരുടെ ദൈവമാണ്.

ജോ-സാർ, ഹിന്ദുക്കൾക്കും, മഹമ്മദീയർക്കും ക്രിസ്ത്യനികൾക്കും പ്രത്യേകം പ്രത്യേകം ദൈവങ്ങളുണ്ടോ!

അദ്ധ്യാ-(വിഷമ ഭാവത്തോടെ) താൻ അവിടെ എഴുന്നേററു നിൽക്കൂ.

ശേ-ദൈവങ്ങളുടെ ജനസംഖ്യ കണക്കെലടുത്തിട്ടുണ്ടോ സാർ.

അദ്ധ്യാ-(അലറുന്നു) താൻ പുറത്തു പോകടോ. ശേഖരൻ ഹാസ്യദ്യോതകമായ മന്ദഹാസത്തോടുകൂടി പുറത്തേക്കു പോയി. ഭാസ്കരൻെറ അരികിൽ നിൽക്കുന്നു).

ഗോപാലൻ-(പതുക്കെ) കാര്യം ചോദിക്കുന്നവരൊക്കെ പുറത്ത്.

അദ്ധ്യാ-(ഒരു കുട്ടിയോട്) കൗസല്യയ്ക്ക് ഗർഭമുണ്ടായതെങ്ങനെ?

കുട്ടി-പായസം തിന്നിട്ടാണ് സാർ.

ഗോ-സാർ, പായസം തിന്നാൽ ഗർഭമുണ്ടാകുമോ?

അദ്ധ്യാ-ഒരു വിദ്യാർത്ഥിയോട്') കൗസല്യ എത്രകുട്ടികളെ പ്രസവിച്ചു?

വി-ഒരു കുട്ടിയെ പ്രസവിച്ചു സാർ.

സൈനുദീൻ- പ്രസവിക്കുന്നതെങ്ങിനെയാണു സാർ?

അദ്ധ്യാ-മേശമേൽ നിന്ന് ചൂരവടിയെടുത്ത് വിറപ്പിച്ചുകൊണ്ട്) എറങ്ങി പുറത്തു പോടോ.

(സൈനുദീൻ- പുറത്തു പോകുന്നു. മണിയടിക്കുന്നു. അദ്ധ്യാപകൻ പുസ്തകവും നോട്ടുബുക്കും ചൂരൽവടിയും കൊണ്ടുപോകുന്നു. ശേഖരനും, ജോർജും, ഗോപാലനും, സൈനുദീനും, ഭാസ്കരനും ഒന്നിച്ചു കൂടുന്നു).

ഭാസ്കരൻ-ഇതൊക്കെ എത്രനാൾ സഹിക്കും?

ജോ-സഹനശക്ത ക്ഷയിച്ചു തുടങ്ങി.

ശേഖ-സഹനം ശക്തിയല്ല, അശക്തിയാണ്.

ഗോ-നാം പ്രതിഷേധിക്കണം.

ഭാ-എങ്ങിനെ?

ഗോ-നമ്മാൽ കഴിയുന്ന വിധമെല്ലാം.

ജോ-നമ്മേപ്പോലെ സങ്കടമനുഭവിക്കുന്ന വിദ്യാർത്ഥികൾ അനവധിയുണ്ട്.

സൈ-എല്ലാവരുംകൂടി ആലോചിച്ച് ഒരു മാർഗ്ഗമുണ്ടാക്കണം.

ഭാ-ഒരു വിദ്യാർത്ഥിസമ്മേളനം കൂടിയാലെന്താ?

ജോ-നല്ല കാര്യമാണ്. അതിനുടനെ ശ്രമിക്കണം.

(മണിയടിക്കുന്നു. എല്ലാവരും ക്ളാസ്സിൽ പ്രവേശിക്കുന്നു).

— 0 —

# സംഘടനാ വാർത്തകൾ

## സംസ്ഥാന സമ്മേളനം സെപ്റ്റംബറിൽ

കേരള യുക്തിവാദി സംഘം എട്ടാം സംസ്ഥാന സമ്മേളനം വിപുലമായ പരിപാടികളോടെ 1982 സെപ്തംബർ 11, 12 തീയതികളിൽ തൃശൂരിൽ വച്ച് നടക്കുന്നതാണ്. ജൂലൈ നാലിന് തൃശൂർ ടൗൺ ഹാളിൽ യുക്തിവാദി സംഘം സംസ്ഥാന പ്രസിഡൻറ് സ: പവനൻെറ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന കമ്മിററി യോഗമാണ് ഈ തീരുമാനമെടുത്തത്.

സ്വകാര്യ മേഖലയിൽ തുടരെത്തുടരെ വിദ്യാലയങ്ങൾ അനുവദിക്കുന്ന കേരള സർക്കാരിൻെറ നടപടിയിൽ പ്രതിഷേധിക്കുന്നതും കുപ്രസിദ്ധമായ മാർക്കുതട്ടിപ്പു കേസിൽ കുററക്കാരായ മുഴുവൻ ആളുകളേയും മാതൃകാപരമായി ശിക്ഷിക്കണമെന്ന് സർക്കാരിനോടാവശ്യപ്പെടുന്നതുമായ പ്രമേയങ്ങൾ പ്രസ്തുക യോഗം അംഗീകരിക്കുകയുണ്ടായി.

### ജാതിവിരുദ്ധ പ്രചരണജാഥ

കോഴിക്കോട്: കേരള യുക്തിവാദി സംഘം കോഴിക്കോട് ജില്ലാ കമ്മിററിയുടെ ആഭിമുഖ്യത്തിൽ 1982 ആഗസ്ററ് മാസത്തിൽ ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലും ഏകദിന വർഗ്ഗീയ വിരുദ്ധ-ജാതിവിരുദ്ധ കാൽനട പ്രചരണ ജാഥകളും പൊതുയോഗങ്ങളും നടത്താൻ തീരുമാനിച്ചിരിക്കുകയാണ്.

ജില്ലയിലെ മുഴുവൻ യൂണിററുകളും പ്രചരണജാഥ വമ്പിച്ച വിജയമാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ജാഥ വിജയിപ്പിക്കുന്നതിന് എല്ലാവിധ സഹായസഹകരണങ്ങളും നല്കണമെന്ന് മതേതരവാദികളോടും പുരോഗമനവാദികളോടും ജില്ലാ സെക്രട്ടറി അഭ്യർത്ഥിക്കുന്നു.

### വെഞ്ഞാറമൂട് യൂണിററ്

ഇരുപത്തിയഞ്ചുപേരടങ്ങുന്ന കേരള യുക്തിവാദി സംഘത്തിൻെറ ഒരു യൂണിററ് ശ്രീ എം. പ്രഭയുടെ സാന്നിദ്ധ്യത്തിൽ രൂപീകരിക്കുകയുണ്ടായി. പ്രവർത്തകരായി രവീന്ദ്രനെ പ്രസിഡൻറായും രാജേന്ദ്രനെ വൈസ് പ്രസിഡൻറായും ജെ. വിൻസെൻറ് ഡി. പോളിനെ സെക്രട്ടറിയായും ചന്ദ്രനെ ജോയിൻറ് സെക്രട്ടറിയായും ബാക്കിയുള്ള അംഗങ്ങളെ എക്സിക്യൂട്ടീവ് അംഗങ്ങളായും തെരഞ്ഞെടുത്തു. രൂപീകരണ യോഗങ്ങൾ ശ്രീ. എം. പ്രഭ യുക്തിവാദ പ്രസ്ഥാനത്തിൻെറ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ച് സംസാരിച്ചു.

## മരട് യൂണിററ്

കേരള യുക്തിവാദി സംഘം മരട് യൂണിററിൻെറ വാർഷിക പൊതുയോഗം ജൂൺ 27-ാം തീയതി യൂണിററ് പ്രസിഡൻറ് ടി എക്സ്. സേവ്യറിൻെറ അദ്ധ്യക്ഷതയിൽ മരട് ഹൈസ്ക്കൂളിൽ വച്ച് നടന്നിരിക്കുന്നു. സെക്രട്ടറി എ. എൻ. സുബ്രഹ്മണ്യൻ റിപ്പോർട്ടും വരവു ചെലവു കണക്കും അവവരിപ്പിച്ചു. ആർ. മോഹനചന്ദ്രൻ (പ്രസിഡൻറ്), എ. എൻ. സുബ്രഹ്മണ്യൻ (സെക്രട്ടറി) കെ. വി. സജീവൻ, ടി. എക്സ്. സേവ്യർ, ടി. പി. ഗോകുലൻ എന്നിവരെ കമ്മിററി അംഗങ്ങളായി തെരഞ്ഞെടുത്തു. സംഘടനാ പ്രവർത്തനത്തെക്കുറിച്ച് ജില്ലാ സെക്രട്ടറി സുമിത്രൻ കീഴില്ലം സംസാരിച്ചു.

## ഗെററ് ടുഗതറും പോർക്ക്—പോത്തുസദ്യയും

ഡെൽഹി യുക്തിവാദി സംഘത്തിൻെറ ഏരിയാ കമ്മിററികളിൽ ഒന്നായ നരേലാ യുക്തിവാദി സംഘം ഒരു ദിവസം നീണ്ടുനിന്ന ഗെററ്ടുഗതറും പോർക്ക്-പോത്ത് മിശ്രഭോജന സദ്യയും നടത്തിയിരിക്കുന്നു. ജൂൺ 22-ാം തീയതി നരേലാ പോലീസ് സ്റേറഷനു പിറകിലുള്ള കു-38 ബംഗ്ലാവിൻെറ ടെറസിൽ പ്രത്യേകം കെട്ടിയുണ്ടാക്കിയ ഹാളിൽ വെച്ചു നടത്തപ്പെട്ട പരിപാടിയിൽ സ്ത്രീകളും കുട്ടികളുമടക്കം നിരവധിയാളുകൾ സംബന്ധിച്ചിരുന്നു.

ഐ. ആർ. എ. വൈസ് പ്രസിഡൻറ് ശ്രീ. ഇടമറുക് ഗെററ്ടുഗതർ ഉദ്ഘാടനം ചെയ്തു. തുടർന്ന് ഡെൽഹി യുക്തിവാദി സംഘം ജനറൽ സെക്രട്ടറി ''യുക്തിവാദ പ്രസ്ഥാനത്തിൻെറ വർത്തമാനകാല പ്രസക്തി'' എന്ന വിഷയത്തെപ്പററി ദീർഘമായി ക്ലാസ്സെടുത്തു നരേലാ യുക്തിവാദി സംഘം പ്രസിഡൻറ് രാജനാണ് ഗെററ്ടുഗതർ പരിപാടിയിൽ അദ്ധ്യക്ഷത വഹിച്ചത്. സെക്രട്ടറി ശ്രീ. വർക്കി റിപ്പോർട്ടു വായിച്ചു.

ഹിന്ദുക്കൾ മ്ലേഛമായി കരുതുന്ന പോത്തിറച്ചിയും മുസ്ലീങ്ങൾ ഹറാമായി കരുതുന്ന പോർക്കിറച്ചിയും ഒരേ പാത്രത്തിൽ വിളമ്പി ഭക്ഷിച്ചുകൊണ്ട് ആയിരത്തിലപ്പരം വർഷങ്ങളായി ഇൻഡ്യയി

---

ആരോഗ്യകരമായ അന്തരീക്ഷവും നല്ല സാഹചര്യവും രക്ഷകർത്താക്കളുടെ ശ്രദ്ധയും നൽകാൻ കഴിയുന്ന ഘട്ടത്തിലേക്കു കുഞ്ഞുങ്ങൾക്കു ജൻമം നൽകാവൂ.

ബർട്രാണ്ട് റസൽ

---

ൽ നിലനിന്നുപോരുന്ന ഭക്ഷണ പരമായ ആചാരത്തെ സംഘടനാംഗങ്ങാം ലംഘിച്ചു. ഇത് ഇൻഡ്യാ ചരിത്രത്തിൽ വരാൻപോകുന്ന മാററത്തിന് മുന്നോടിയാണെന്ന് ശ്രീ. ഇടമറുക് ചൂണ്ടിക്കാട്ടി. ഉച്ചകഴിഞ്ഞ് ഹരിയാനാ യുക്തിവാദി സംഘം ജനറൽ സെക്രട്ടറി ശ്രീ. പി. ജി. സുരേഷ്, നരേലാ യുക്തിവാദി സംഘം സെക്രട്ടറി വർക്കി, സോണിപത്ത് യുക്തിവാദി സംഘം പ്രസിഡൻറ് സഹദേവൻ എന്നിവർ പ്രസംഗിച്ചു തുടർന്ന് ''യുക്തിവാദവും പ്രയോഗിക ജീവിതവും'' എന്ന വിഷയത്തെപ്പററി ഇടമറുക് ക്ലാസ്സെടുത്തു. സാരംഗ് ആൻറ് പാർട്ടിയുടെ ദിവ്യാത്ഭുത അനാവരണ പരിപാടികളോടെയാണ് ഗെററ്ടുഗതർ അവസാനിച്ചത്.

## ദേശീയ സമ്മേളനം

ഐ. ആർ. എയുടെ ദേശീയ സമ്മേളനം നവംബറിൽ ന്യൂ ഡൽഹിയിൽ വെച്ചു നടത്താനുള്ള ഏർപ്പാടുകാം പൂർത്തിയായിവരുന്നു. ഇൻഡ്യയിൽ യുക്തിവാദ പ്രസ്ഥാനത്തിൻെറ പ്രസക്തി ദേശീയതലത്തിൽ അംഗീകരിപ്പിക്കത്തക്കവണ്ണം വിപുലമായിട്ടാണ് പരിപാടികാം സംവിധാനം ചെയ്യുന്നത്.

## എം. വി. രാമമൂർത്തി

അഖിലേന്ത്യാ യുക്തിവാദി സംഘം ജനറൽ സെക്രട്ടറി ശ്രീ. എം. വി. രാമമൂർത്തി ഹൈദരാബാദിൽ വെച്ചുണ്ടായ ഒരു സ്കൂട്ടർ അപകടത്തെത്തുടർന്നു പരിക്കുകളോടെ ആശുപത്രിയിലാക്കപ്പെട്ടിരുന്നു. ഏതാനും ആഴ്ചകളിലെ ചികിത്സയ്ക്കുശേഷം അദ്ദേഹം വീട്ടിൽ തിരിച്ചെത്തിയിരിക്കുന്നു.

## ക്രിസ്തുവും കൃഷ്ണനും

ഇടമറുകിൻെറ ''ക്രിസ്തുവും കൃഷ്ണനും ജീവിച്ചിരുന്നില്ല'' എന്ന പുസ്തകത്തിൻെറ തമിഴ് പരിഭാഷ കഴിഞ്ഞ 16 ലക്കങ്ങളായി ദ്രാവിഡ കഴകത്തിൻെറ മുഖപത്രമായ ''ഉൺമൈ'' പ്രസിദ്ധീകരിച്ചുവരികയാണ്. അടുത്തുതന്നെ ഇതിൻെറ തെലുങ്കു പതിപ്പും പ്രസിദ്ധീകരിക്കുന്നതാണ്. മററ് ഇൻഡ്യൻ ഭാഷകളിലും താമസിയാതെ ഈ പുസ്തകം പ്രത്യക്ഷപ്പെടും. □

---

തീനാളങ്ങാം

(14-ാംപേജിൽനിന്നും തുടർച്ച)

ക്കു വെള്ളം നൽകിയില്ല.''

(സഹീഹുൽ ബുഖാരി: 167 സി. എൻ. അഹമ്മദു മൗലവിയുടെ തർജ്ജമ പേജ് 85)

ഇത്ര ക്രൂരമായ ശിക്ഷാസമ്പ്രദായങ്ങാം മററൊരു മതസ്ഥാപകനും ഏർപ്പെടുത്തിയിട്ടുണ്ടെന്നു തോന്നുന്നില്ല. ഇങ്ങനെയൊക്കെയാണെങ്കിലും ഇൻഡ്യയിലെ കള്ളക്കടത്തു നേതാക്കൻമാരിൽ അധികവും മുസ്ലീങ്ങാം ആണെന്നുള്ള യാഥാർത്ഥ്യവും നിഷേധിക്കുവാൻ നിവർത്തിയില്ല. മോഷണത്തിൻെറ തന്നെ മററൊരു വശമാണ് കള്ളക്കടത്ത്. അതുചെയ്ത ഹാജിമസ്താൻമാരും കല്ലട്രമാരും അബ്ദുള്ളമാരും ഇന്നും മുസ്ലീം സമുദായത്തിലെ പ്രമാണിമാരാണുതാനും!

# അനുകരണീയമായ മാതൃക

(കേരള യുക്തിവാദി സംഘത്തിന്റെ കോഴിക്കോട് ജില്ലാ വാർഷിക സമ്മേളനത്തോടനുബന്ധിച്ച സംഘം പ്രവർത്തകർ സംഘടിപ്പിച്ച രക്തദാന ക്യാമ്പിനെ അനുമോദിച്ചുകൊണ്ട് ശ്രീ. ഫ്രാൻസിസ് ആലപ്പാട്, കോഴിക്കോട് മെഡിക്കൽ കോളജ് ബ്ലഡ് ഡൊണേഴ്സ് ഫോറത്തിനു വേണ്ടി പ്രദീപം (1982 ഏപ്രിൽ 1) പത്രത്തിൽ എഴുതിയ പ്രസ്താവനയാണ് താഴെ കൊടുക്കുന്നത്. പ്രസ്താവനയ്ക്ക് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഇത് ഞങ്ങൾക്ക് അയച്ചുതന്നത് കൊയിലാണ്ടി ഏരിയാ കമ്മിററിയാണ്.

ഈ പ്രസ്താവന പ്രസിദ്ധീകരിക്കുന്നതോടൊപ്പം വളരെ ശ്ലാഘനീയമായ രീതിയിൽ രക്തദാന ക്യാമ്പ് സംഘടിപ്പിച്ച യുക്തിവാദി സംഘം പ്രവർത്തകരെ ഞങ്ങൾ അഭിനന്ദിക്കുകയും ചെയ്യുന്നു.

— പത്രാധിപർ)

കേരള യുക്തിവാദി സംഘത്തിന്റെ ജില്ലാ വാർഷിക സമ്മേളനത്തോടനുബന്ധിച്ച് നടത്തപ്പെട്ട രക്തദാന ക്യാമ്പ് പലതുകൊണ്ടും എടുത്തുപറയേണ്ടിയിരിക്കുന്നു. ലക്ഷക്കണക്കിനാളുകൾ പങ്കെടുക്കുന്ന സംസ്ഥാന, ജില്ലാ സമ്മേളനങ്ങൾക്ക് കോഴിക്കോട് പട്ടണം പല പ്രാവശ്യം വേദിയൊരുക്കിയിട്ടുണ്ട്. മാനവികതയേയും, സനാതന മൂല്യങ്ങളെക്കുറിച്ചുമൊക്കെ എത്രയെത്ര തീപ്പൊരി പ്രസംഗങ്ങളാണ് അവിടെ ഉയരുക പേരിനും പ്രശസ്തിക്കും വേണ്ടിമാത്രം. എന്നാൽ വേദനയനുഭവിക്കുന്നവനെ സഹായിക്കാൻ എത്ര സംഘടനകൾ മുന്നോട്ടു വന്നിട്ടുണ്ട്? ഈ ചോദ്യത്തിന് കേരള യുക്തിവാദി സംഘം ഉത്തരം നല്കിയത് സ്വന്തം രക്തം ദാനംചെയ്തുകൊണ്ടാണ്. സ്വന്തം ജീവന്റെ ഒരു ഭാഗംതന്നെ ദാനം ചെയ്തുകൊണ്ട് രക്തദാതാവും, രക്തം സ്വീകരിച്ചവനും തമ്മിൽ അഭേദ്യമായ ഒരു സ്നേഹ വിപ്ലവത്തിന്റെ ചങ്ങലകൊണ്ട് ബന്ധിതരായി ആതുര സേവന ചരിത്രത്തിൽ, കേരള യുക്തിവാദി സംഘം ഒരു പുതിയ അദ്ധ്യായം തുറന്നിരിക്കുകയാണ്. ഈ മാതൃക മററു സംഘടനകളും സ്വീകരിക്കുകയാണെങ്കിൽ, പാവപ്പെട്ട എത്രയോ രോഗികൾക്ക് അതു ഗുണം ചെയ്തേനെ!

യുക്തിവാദി സംഘത്തിന്റെ ഈ രക്തദാനംവഴി, രക്തദാനത്തെക്കുറിച്ച് ഇന്ന് പൊതുജനങ്ങൾക്കിടയിൽ പ്രചരിച്ചിട്ടുള്ള തെററായ പല വിശ്വാസങ്ങൾക്കും ഒരു തിരിച്ചടി നല്കുന്നതിനും സഹായിച്ചിട്ടുണ്ട്. രക്തദാനം

പൊതുവേ ആരോഗ്യത്തിന് ഹാനികരമാണെന്നും രക്തദാനം ചെയ്താൽ ലൈംഗിക ക്ഷീണം, മാനസിക തളർച്ച തുടങ്ങി പലവിധ രോഗങ്ങൾ ഉണ്ടാകുമെന്നും മററുമാണ് പലരുടേയും ധാരണ. ഒരു പ്രാവശ്യം രക്തം ദാനംചെയ്തിട്ടുള്ള ഒരുവന് ഇതെല്ലാം വെറും തെററിദ്ധാരണകളാണെന്ന് ബോദ്ധ്യപ്പെടാൻ അധികം സമയമാവശ്യമില്ല. രക്തദാനം ശരീരത്തിന് യാതൊരു ഹാനിയും ഉണ്ടാക്കുകയില്ലെന്ന് മാത്രമല്ല ചുവന്ന രക്താണുക്കൾ ഉല്പാദിപ്പിക്കുന്ന മജ്ജയെ കൂടുതൽ പ്രവർത്തനനിരതമാക്കുകയും ശരീരത്തിലെ രക്തം കൂടുതൽ പുതിയതും മേന്മയുള്ളതും ആക്കിത്തീർക്കുകയും ചെയ്യും. ജാതകപ്പൊരുത്തത്തെക്കാൾ പ്രാധാന്യമുള്ളതാണ് രക്തഗ്രൂപ്പുകൾ തമ്മിലുള്ള പൊരുത്തം. ഈ വസ്തുത പൊതുജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുവാനും യുക്തിവാദി സംഘത്തിന് സാധിച്ചിട്ടുണ്ട്. കേരളത്തിലെ രക്തദാതാക്കളുടെ ഏററവും വലിയ സംഘടനയായ കോഴിക്കോട് മെഡിക്കൽ കോളേജ് ബ്ലഡ് ഡോണേഴ്സ് ഫോറം, കേരള യുക്തിവാദി സംഘത്തെ അനുമോദിക്കുന്നതോടൊപ്പം തന്നെ, മററു സംഘടനകളും ഈ അനുകരണീയമായ മാതൃക പിന്തുടരുമെന്ന് പ്രതീക്ഷിച്ചുകൊള്ളുന്നു.

---

ജാതി വേണ്ട

മതം വേണ്ട

ദൈവം വേണ്ട മനുഷ്യന്

....സഹോദരൻ അയ്യപ്പൻ

---

## 'ബൈബിൾ'

ബൈബിൾ ഒരു കള്ളത്തരമാണ്. അത് ഒരു കാപട്യവും വഞ്ചനയുമാണ്.

ആ പുസ്തകത്തെയും അതിൻെറ ദൈവത്തെയും ഞാൻ നിന്ദിക്കുന്നു.

മനുഷ്യൻെറ കണ്ടെത്തലുകളും ഓരോ പുതിയ കണ്ടുപിടിത്തവും ഈ ബൈബിൾ പ്രമാണങ്ങളെ ലംഘിക്കുന്നു.

ആ പുസ്തകം മാനവരാശിയുടെ മേൽ ഉണ്ടായ ഒരു ശാപമാണ്.

— ജോസഫ് ലെവിസ്



# വിദ്യാഭ്യാസത്തെ തൊഴിലുമായി ബന്ധിപ്പിക്കലാണ് വിപ്ലവം

—പി. ടി. ഭാസ്ക്കരപ്പണിക്കർ

വിദ്യാഭ്യാസ മേഖലയിലെ അഴിമതികൾക്കു കാരണം ചില സ്ഥാപിത താല്പര്യക്കാരുടെ, അതായത് സമ്പന്ന വർഗ്ഗങ്ങളുടെ വിദ്യാഭ്യാസ രംഗത്തുള്ള സ്വാധീനമാണെന്ന് ശ്രീ. പി. ടി. ഭാസ്കരപ്പണിക്കർ പ്രസ്താവിച്ചിരിക്കുന്നു വിപ്ലവം എന്നുപറഞ്ഞാൽ വിദ്യാഭ്യാസത്തെ തൊഴിലുമായി ബന്ധിപ്പിക്കലാണെന്ന് അദ്ദേഹം തുടർന്നു പറയുകയുണ്ടായി. കേരള യുക്തിവാദി സംഘം തിരുവനന്തപുരം ജില്ലാ സമിതിയുടെ ആഭിമുഖ്യത്തിൽ 'വിദ്യാഭ്യാസ മേഖലയിലെ അഴിമതികൾ' എന്ന വിഷയത്തെക്കുറിച്ചു നടന്ന ചർച്ചാ സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജില്ലാ പ്രസിഡൻറ് ഡോ. തോമസ് വർഗ്ഗീസിന്റെ അദ്ധ്യക്ഷതയിൽ ജൂലൈ 23-ന് വൈകുന്നേരം തിരുവനന്തപുരം സ്റ്റുഡൻസ് സെൻററിൽവച്ചു നടന്ന ഈ ചർച്ചാ സമ്മേളനത്തിൽ പി. ടി. ഭാസ്കപ്പണിക്കരെ കൂടാതെ ലക്ഷ്മി എൻ. മേനോൻ എം. പ്രഭ, ഡോ. പി. വി. വേലായുധൻപിള്ള, ഏറ്റുമാനൂർ ഗോപാലൻ തുടങ്ങിയവരും വിദ്യാഭ്യാസ മേഖലയിലെ അഴിമതികളുടെ വിവിധ വശങ്ങളെക്കുറിച്ച് പരാമർശിച്ച് സംസാരിക്കുകയുണ്ടായി. വിവിധ മതക്കാരും ജാതിക്കാരും വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതുകൊണ്ടുള്ള ദോഷങ്ങളെ ചിലർ എടുത്തുപറഞ്ഞു. നിറഞ്ഞ സദസ്സിന് ജില്ലാ സെക്രട്ടറി എം. പി. ശ്രീധരൻ നന്ദിപറഞ്ഞു.


## രണരേഖ

| | |
|---|---|
| ഒററപ്രതി | 1 ക. |
| വാർഷിക വരിസംഖ്യ | 12 ക. |
| വിദേശത്തേക്ക് | 56 ക. |

വിലാസം:

MANAGER
"RANAREKHA
KALLIYOOR. P O.
TRIVANDRUM-20

# നിർദ്ദേശങ്ങൾ! അഭിപ്രായങ്ങൾ!!

പ്രിയപ്പെട്ട പത്രാധിപർക്ക്,

'രണരേഖ'യുടെ ആദ്യംമുതലുള്ള ഒരു എളിയ വായനക്കാരനാണു ഞാൻ. ഒരു യുക്തിവാദ പ്രചരണ മാധ്യമമെന്ന നിലയിൽതനതായ വ്യക്തിത്വം ഈ രംഗത്ത് കാഴ്ചവച്ചുവെന്ന് മാസികയുടെ പ്രവർത്തകർക്ക് അഭിമാനിക്കാം. പേജും വിഭവങ്ങളും വർദ്ധിപ്പിച്ചതിൽ സന്തോഷമുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

സുരേഷ് കുമാർ എസ്.
C/o. കേരളരാജ്യം
കൊല്ലം-13.

ജൂലൈ ലക്കം രണരേഖ കിട്ടി. പുതിയ പംക്തികൾക്കു പുറമേ മററ് അനേകം വിഭവങ്ങൾ ചേർത്ത് യുക്തിവാദികൾക്ക് ഒരു നല്ല സദ്യ ഒരുക്കിയ രണരേഖയ്ക്ക് എന്റെ അഭിവാദനങ്ങൾ

കരകുളം രാജഗോപാൽ
'ഭാവന' മലയിൻകീഴ്.

യുക്തിവാദികൾ തമ്മിൽ, പ്രവർത്തന രംഗത്തെ പ്രശ്നങ്ങളെക്കുറിച്ചും അത്തരം പ്രവർത്തനങ്ങൾ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ചും മററും ധാരാളം ചർച്ചകൾ നടക്കേണ്ടതായിട്ടുണ്ട്. മാത്രമല്ല താൻ ഒററയ്ക്കല്ലെന്ന ബോധം സംഘടനയിലൂടെ അല്ലാതെയും വളർത്തിയെടുക്കാൻ കഴിയുന്നത് അവസരവാദത്തിനെതിരായ ഒരു കരുതൽ നടപടികൂടിയായിരിക്കും. അതിനാൽ രണരേഖയിൽ 'തൂലികാമിത്രങ്ങൾ' എന്ന പേരിൽ ആരംഭിച്ചിരിക്കുന്ന പംക്തി സവിശേഷ ശ്രദ്ധയർഹിക്കുന്നു.

യു. പി. അബ്ദുൽ മജീദ്
കേരള ശാസ്ത്ര സാഹിത്യ
പരിഷത്
മലപ്പുറം.

(തൂലികാമിത്രങ്ങൾ എന്ന പംക്തി ആരംഭിച്ചതിനെ അഭിനന്ദിച്ചുകൊണ്ട് വളരെയധികം വായനക്കാർ കത്തെഴുതിയിട്ടുണ്ട്. എല്ലാവർക്കും നന്ദിപറയുന്നു- പത്രാധിപർ)

രണരേഖ യുക്തിവാദ മാസിക പ്രസിദ്ധീകരിച്ചതു മുതൽ അതിനെ ശ്രദ്ധാപൂർവ്വം പിന്തുടരുന്ന ഒരു വായനക്കാരനെന്ന നിലയിൽ രണരേഖയുടെ അനുക്രമമായ വികാസത്തിൽ ഞാൻ സന്തോഷിക്കുന്നു യുക്തിവാദ പ്രചരണത്തിന് കഥയും കവിതയും നല്ല മാദ്ധ്യങ്ങളാണ്. ഈ രംഗത്തെ രണരേഖ ശ്രദ്ധിക്കുന്നത് വളരെ നല്ല കാര്യമാണ് തുടയന്നൂർത്രിയെന്നിന്റേയും ഹരിപ്രസാദ് കണിയാപുരത്തിന്റേയും കവിതകൾ നല്ല നിലവാരം പുലർത്തുന്നുണ്ട്.

ശ്രീ ഇടമറുകിന്റെ തീ നാളങ്ങൾ അണഞ്ഞുപോകാതെ സൂക്ഷിക്കെ.

പ്രിയദാസ്, ആററിങ്ങൽ.

# തൂലികാമിത്രങ്ങൾ

കഴിഞ്ഞലക്കത്തിൽ ആരംഭിച്ച ഈ പംക്തിയെ അഭിനന്ദിച്ചുകൊണ്ട് വളരെപ്പേർ ഞങ്ങൾക്കെഴുതിയിട്ടുണ്ട്. ഫോട്ടോസഹിതം തൂലികാമിത്രങ്ങളെ പരിചയപെടുത്തണമെന്ന ചിലരുടെ നിർദ്ദേശത്തെ ഞങ്ങൾ സ്വീകരിക്കുന്നു. പക്ഷേ, ബ്ലോക്കെടുക്കുന്നതിനുള്ള ചെലവ് വഹിക്കാൻ ഞങ്ങൾക്കു ബുദ്ധിമുട്ടാണ്. അതിനാൽ താല്പര്യമുള്ളവർ ബ്ലോക്കെടുത്തയച്ചുതരുകയോ ബ്ലോക്കെടുക്കുന്നതിനുള്ള ചാർജായ 15 രൂപ എം. ഒ. അയയ്ക്കുകയോ ചെയ്യുക. അയക്കേണ്ടത് Editor, Ranarekha, Kalliyoor p. o. Trivandrum-20 എന്ന വിലാസത്തിലാണ്.

Miss. LILA S.
Saroja Mandiram
Ponmana P. O.
Chavara (Via)
Quilon.

Mr. PRADEEP V. S.
The Federal Bank (Ltd)
Nilambur—679329,
Malappuram (Dist)

Mr. KARTHIKEYAN
Charambath House,
Pazhuvil (W) P. O.
Trichur—680564

Mr. ABDUL MAJEED U. P.
Panambra
Thenhippalam P. O.
Malappuram (Dist)
Kerala

Mr. XAVIER T. X.
Thare Parambil,
Maradu P. O.
Ernakulam (Dist)
Pin 682304

Mr. BABU G.
Kochumadathil veedu,
Tholikuzhi,
Adayamon B. P. O.
Kilimanoor (Via)
Trivandrum (Dist)

Mr. SEKHARAN I. V.
Purathakkade veedu,
Pravachambalam,
Nemom—695020

Mr. SURENDRAN K.
Thettivila kizhakkarikuveedu,
Pringammala,
Kalliyoor P. O.
Trivandrum—695020

(തിരുത്ത്: കഴിഞ്ഞലക്കം 'രണരേഖ'യിൽ Mrs. Mundur Rajan എന്നു ചേർത്തിരുന്നത് Mr. Mundur Rajan എന്ന് തിരുത്തി വായിക്കാനപേക്ഷ )

RANAREKHA
Rationalist Monthly

C. 1259/77
Re. 1

# ഇന്ത്യൻ എതീസ്റ്റ് പബ്ലിഷേഴ്സ്

ന്യൂഡൽഹി

(രണ്ടാം പേജിൽനിന്നും തുടർച്ച)

## 5. ഇന്ദ്രിയാതീതജ്ഞാനവും പാരാസൈക്കോളജിയും

പ്രശസ്ത യുക്തിവാദിയായിരുന്ന പ്രൊഫസർ എ. ടി. കോവൂർ എഴുതിയ "ഇന്ദ്രിയാതീത ജ്ഞാനവും പാരാസൈക്കോളജിയും" എന്ന ഗ്രന്ഥമാണ് എതീസ്റ്റ് ബുക്ക് ക്ലബ്ബിലെ മൂന്നാമത്തെ പുസ്തകം. ഈ പുസ്തകം തയ്യാറായി വരുന്നു. വില 15 രൂപ.

## 6. ക്രിസ്തുമതവും ലൈംഗിക സദാചാരവും

ജോസഫ് ലെവിസ് എഴുതിയ "ക്രിസ്തുമതവും ലൈംഗിക സദാചാരവും" എന്ന ഗ്രന്ഥവും തയ്യാറായി വരുന്നുണ്ട്. ഇന്ത്യൻ യുക്തിവാദി സംഘത്തിന്റെ ജോയിന്റ് സെക്രട്ടറിയായ സനൽ ഇടമറുകാണ് ഈ ഗ്രന്ഥം വിവർത്തനം ചെയ്യുന്നത് വില 15 രൂപ.

## 7. ക്രിസ്തുവും കൃഷ്ണനും ജീവിച്ചിരുന്നില്ല

ധാരാളം സുഹൃത്തുക്കൾ ആകാംക്ഷയോടെ കാത്തിരിക്കുന്ന, ഇടമറുക് എഴുതിയ ഈ പുസ്തകത്തിന്റെ പരിഷ്ക്കരിച്ച് വിപുലീകരിച്ച രണ്ടാം പതിപ്പ് ഉടനെ പുറത്തുവരുന്നതാണ്. സമ്പൂർണ്ണമായും ഓഫ്സെററിൽ അച്ചടിക്കുന്ന ഈ ഗ്രന്ഥത്തിന്റെ വിശദവിവരങ്ങൾ അടുത്ത ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

കൂടുതൽ അറിയിപ്പുകളും അടുത്ത ലക്കത്തിൽ ഉണ്ടാവും.

*    *    *    *    *

**ഓർക്കുക:** യുക്തിവാദ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്ന ഇന്ത്യയിലെ ഏററവും പ്രമുഖ സ്ഥാപനമാണ് ഇന്ത്യൻ എതീസ്റ്റ് പബ്ലിഷേഴ്സ്.

ഞങ്ങളുടെ വിലാസം: INDIAN ATHEIST PUBLISHERS
1740 A/55, NAIWALA,
KAROL BAGH
NEW DELHI-110 005

Edited Printed and Published by Sreeni Pattathanam at Victory PrintingCentre Trivandrum-1 for Geekay Printers, Quilon-1